# ഫിലിം വിഷൻ

KSFDC

SANKALP

കേരള ഭാഗ്യക്കുറി

filca

DIGITAL MAGAZINE PUBLISHED BY FILCA FILM SOCIETY

Website : www.filca.in E-mail: filcakerala@gmail.com

PH:8089036090

വോള്യം -8 ലക്കം -135 ഫെബ്രുവരി 2025 മലയാളം - ഇംഗ്ലീഷ്


**Filca Film Society, in association with Dist. SANKALP : Hub for Empowerment of women; Women and Child Dev.Dept. , Lottery Dept. , Joint Council - Nanma Film Society, IFFT, KSFDC, Kerala Chalachithra Academy, Senior Citizens Service Council, Beam Film Society, Human Rights Protection Mission, Yuvakala Sahithi, and other organizations**

## WORLD CINEMA AND WOMEN'S WORLD

### Int'l Film Festival and Seminar

**26 FEBRUARY 2025**





Tasian (Iran)
Dir: Shirin Afran




METAI (Lithuania)
Dir:Laura Diciunaite





Moriska (India)
Dir: Vandana & Debashish




Labe God (Iran)
Dir:Rayeha Mozafarian




Monisto (Russia)
Dir:Gulnaz Galimullina




Damore (Bulgaria)
Dir: Maria Slaveva



Mom's Spirit (Iran )
Dir: Sonia Fardi




Rukmini (India )
Dir: Nilay Raje




The Maiden Uho, the legend ( Chile )
Dir: Waitiare




Nine Months (Hungary)
Dir:MARTA MESZAROS

## World Cinema and Women's World Day and Night Film Festival

**SEMINAR and PAINTINGS by Women**



**Joint Council Hall, Near Press Club, Trivandrum.**

**Free Entry** **All are welcomed**


കേരള സർക്കാർ
കേരള സംസ്ഥാന ഭാഗ്യക്കുറി
സമ്മർ ബമ്പർ ഭാഗ്യക്കുറി 2025
ഇപ്പോൾ വിപണിയിൽ
SUMMER BUMPER LOTTERY 2025
B R 10 2 SA, SB, SC, SD, SE, SG series
ഒന്നാം സമ്മാനം ₹10 കോടി
COMMON TO ALL SERIES
രണ്ടാം സമ്മാനം ₹50 ലക്ഷം
COMMON TO ALL SERIES
മൂന്നാം സമ്മാനം ₹5 ലക്ഷം
ഓരോ പരമ്പരയിലും 2 വീതം
ആകെ ₹60 ലക്ഷം
നാലാം സമ്മാനം ₹1 ലക്ഷം
അവസാന അഞ്ചക്കത്തിന്
കൂടാതെ 5000, 2000, 1000, 500 രൂപയുടെ നിരവധി സമ്മാനങ്ങൾ
ടിക്കറ്റ് വില ₹250
DATE OF DRAW 02-04-2025, 2pm


സൗഭാഗ്യം
ഇപ്പോൾ എല്ലാ ദിവസവും
ഞായർ അക്ഷയ
ഒന്നാം സമ്മാനം ₹70 ലക്ഷം
ടിക്കറ്റ് വില 40 രൂപ
തിങ്കൾ വിൻവിൻ
ഒന്നാം സമ്മാനം ₹75 ലക്ഷം
ടിക്കറ്റ് വില 40 രൂപ
ചൊവ്വ സ്ത്രീശക്തി
ഒന്നാം സമ്മാനം ₹75 ലക്ഷം
ടിക്കറ്റ് വില 40 രൂപ
ബുധൻ ഫിഫ്റ്റി ഫിഫ്റ്റി
ഒന്നാം സമ്മാനം ₹1 കോടി
ടിക്കറ്റ് വില 50 രൂപ
വ്യാഴം കാരുണ്യ പ്ലസ്
ഒന്നാം സമ്മാനം ₹80 ലക്ഷം
ടിക്കറ്റ് വില 40 രൂപ
വെള്ളി നിർമൽ
ഒന്നാം സമ്മാനം ₹70 ലക്ഷം
ടിക്കറ്റ് വില 40 രൂപ
ശനി കാരുണ്യ
ഒന്നാം സമ്മാനം ₹80 ലക്ഷം
ടിക്കറ്റ് വില 40 രൂപ
കേരള സംസ്ഥാന ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
For draw results: www.statelottery.kerala.gov.in


കാഴ്ചകളുടെ
ലോകത്തിലൂടെ
വിജ്ഞാനത്തിലേക്ക്
ജോയിന്റ് കൗൺസിൽ
നന്മ ഫിലിം സൊസൈറ്റി

February Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society

WORLD CINEMA AND WOMEN'S WORLD FILM FESTIVAL

SANKALP

KSFDC

filca







KSFE
ചിട്ടികൾ
2024 ഏപ്രിൽ 1 മുതൽ
2025 ഫെബ്രുവരി 28 വരെ
മെഗാ ബമ്പർ സമ്മാനം
1
മെഴ്സിഡസ് ബെൻസ് കാർ
75
ബമ്പർ സമ്മാനം
17
ഇന്നോവ കാറുകൾ
25
KGC സീരീസ് 2
2024 ജൂലായ് 1 മുതൽ
ഒക്ടോബർ 31 വരെ
25,000
3500
KSFE
Toll Free Helpline
1800-425-3455

February Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WORLD CINEMA AND WOMEN'S WORLD FILM FESTIVAL



# FILM VISION DIGITAL FILM MAGAZINE

## WHATS INSIDE February 2025

INDEX

1. Women's Film Festival is highly relevant for several reasons — 13
ഡോ. ബി.രാധാകൃഷ്ണൻ (പ്രസിഡന്റ്,ഫിൽക്ക)

2. സിനിമയും സീരിയലും സെൻസർഷിപ്പും — 14
–സാബു ശങ്കർ (ഫിൽക്ക)

3. പൊതുജനങ്ങൾ അറിഞ്ഞിരിക്കേ സ്ത്രീകൾക്കുള്ള സേവനങ്ങൾ — 17
– നീതു .എസ് . സൈനു.

4. ആരോഗ്യകരമായ ലിംഗബന്ധങ്ങളുടെ പ്രസക്തി — 20
– തസ്നിം. പി. എസ് .

5. സിനിമയിൽ പുതിയ പ്രമേയങ്ങൾ വേണം — 22
-അഡ്വ. ഇന്ദിര രവീന്ദ്രൻ

6. സിനിമയിൽ സ്ത്രീ: ഭാവനയും യാഥാർത്ഥ്യവും — 23
- ഷീബ. എസ്.ജെയിംസ് ( ഫിൽക്ക)

7. Morisika (Mirage): The Story of the Boatman — 31
-വന്ദന മേനോൻ

8. റോസാ ലക്സംബെർഗ് — 33
–സുരേഷ് കുമാർ സി.(ബീം ഫിലിം സൊസൈറ്റി)

9. വനിതാ സംവിധായികയുടെ സ്ത്രീപക്ഷ സിനിമ – ഒൻപത് മാസങ്ങൾ — 35
–ജോൺ തോമസ് (ഫിൽക്ക)

10. മെയിഡൻ യൂഹോ — 38
-രാജാംബിക എസ്. എസ് (ഫിൽക്ക)

11. രുക്മിണി — 40
- വിനോദ്കുമാർ. പി (ഫിൽക്ക.)

12. ഒൻപത് മാസങ്ങൾ — 41
–ഷീബ. എസ്.ജെയിംസ് ( ഫിൽക്ക)

13. ആത്മീയാന്വേഷണത്തിന്റെ ചലച്ചിത്ര ഭാഷ്യം — 43
–ജോൺ തോമസ് (ഫിൽക്ക)

Website:www.filca.in Email:filcakerala@gmail.com

# FILM VISION

PROGRAM INAUGURATION:

Joint Council A/C Hall,
Near Press Club,
Trivandrum.

26 WEDNESDAY FEBRUARY 2025

Filca Film Society, in association with Dist. SANKALP : Hub for Empowerment of women; Women and Child Dev.Dept. , Lottery Dept. , Joint Council - Nanma Film Society, IFFT, KSFDC, Kerala Chalachithra Academy, Senior Citizens Service Council, Beam Film Society, Human Rights Protection Mission, Yuvakala Sahithi, and other organizations

## WORLD CINEMA AND WOMEN'S WORLD

### Film Festival, Seminar , Prize distribution to winners of Paiting Competition

Filca

**5:30 PM**

Seminar and Prize distribution

Welcome speech : **SABU SANKAR**
( Novelist, Film Author, Director, Chief correspondent to Nerkazhcha Weekly America and Samiksha Magazine Canada )

Introduction : **JAYACHANDRAN KALLINKAL**
(State General Secretary, Joint Council -Nanma film society )

Prize Distribution to winners of Painting competition : **DR. B. RADHAKRISHNAN**
( President, Filca Film Society)

Inauguration : **THASNEEM. P.S**
( District Women & Child Development officer )


Seminar Presided over : **GIRIJA SURENDRAN**
( Actress & Vice President, FILCA )

Talk : **Adv. INDIRA RAVEENDRAN**
(Member - Kerala Women's Commission, Member - Senior Citizens Service Council)

**RAJAMBIKA S.S**
( Poet , Building Designer , Member FILCA)

Felicitation **NEETHU .S. SAINU**
(District Coordinator , Sankalp Hub for women empowerment, Women and Child Dev. Dept. )

Gratitude **VINODKUMAR.P**
( Treasurer, Filca Film Society )



free entry (admisson to people are above 18 years old) all are welcomed

# FILM VISION

## WORLD CINEMA AND WOMEN'S WORLD

### Day and Night Film Festival

Filca Film Society, in association with Dist. SANKALP : Hub for Empowerment of women; Women and Child Dev.Dept. , Lottery Dept. , Joint Council - Nanma Film Society, IFFT, KSFDC, Kerala Chalachithra Academy, Senior Citizens Service Council, Beam Film Society, Human Rights Protection Mission, Yuvakala Sahithi, and other organizations.

| 26 WEDNESday , February,2025 | SCREENING SCHEDULE | Joint Council Building, Near Press Club ,Trivandrum. |
|---|---|---|

FILCA

10 AM - 11:10 AM
TASIAN/ Iran / 70 Mins/
**DIR: SHIRIN AFRAND**




11:12 PM - 11:40 AM
**METAI** / Lithuania / 28 Mins
**DIR: LAURA DICIUNAITE**



11: 47 AM - 01:00 PM
**MORISKA** / India / 73 Mins/
**DIR: VANDANA & DEBASHISH**






Lunch Break

2 PM - 2: 16 PM
**LABE GOD** / Iran / 16 Mins
**DIR: RAYEHA MOZAFARIAN**



2:20 PM - 2:52 PM
**MONISTO**/ Russia / 32 Mins
**DIR: GULNAZ GALIMULLINA**






FILCA film society, Trivandrum
filcakerala@gmail.com www.filca.in PH: 80890 36090

# FILM VISION

## WORLD CINEMA AND WOMEN'S WORLD

### Day and Night Film Festival

Filca Film Society, in association with Dist. SANKALP : Hub for Empowerment of women; Women and Child Dev.Dept. , Lottery Dept. , Joint Council - Nanma Film Society, IFFT, KSFDC, Kerala Chalachithra Academy, Senior Citizens Service Council, Beam Film Society, Human Rights Protection Mission, Yuvakala Sahithi, and other organizations.

| 26 WEDNESday , February,2025 | SCREENING SCHEDULE | Joint Council Building, Near Press Club ,Trivandrum. |
|---|---|---|

FILCA

2:54 PM - 3:09 PM
DAMORE / Bulgaria / 15 Mins
**DIR: MARIA SLAVEVA**






3:11 PM - 3:26 PM
**MOM'S SPIRIT** / Iran / 15 Mins
**DIR: SONIA FARDI**






3:30 PM - 5:06 PM
**RUKMINI** / India / 96 Mins
**DIR: NILAY RAJE**





5:30 PM
**Seminar - "WORLD CINEMA AND WOMEN'S WORLD"**

6:20 PM - 7:01 PM
**THE MAIDEN UHO, THE LEGEND** / Chile / 51 Mins/
**DIR: WAITIARE**





7:15 P M - 08:44 PM
**NINE MONTHS**
Hungary/
**DIR. MARTA MESZAROS**






FILCA film society, Trivandrum filcakerala@gmail.com www.filca.in PH: 80890 36090


# WORLD CINEMA AND WOMEN'S WORLD FILM FESTIVAL

## Women's World Painting Competition February 2025.

### Selected Paintings


Congratulations to

1. Lakshmi Harikumar
2. Divya Lissy Shine
3. Archana.C.S.
4. Sangeetha. V.



Lakshmi Harikumar





Diya Lissy Shine







Archana.C.S.





Ashisha. V.






















**പെയ്ന്റിംങ് കോമ്പറ്റീഷനിൽ വിജയികളായ ലക്ഷമി ഹരികുമാർ, ദിയ ലിസി ഷൈൻ, അർച്ചന സ്.എസ്, ആശിഷ.വി എന്നിവർക്ക് സർട്ടിഫിക്കറ്റും വിതരണം ചെയ്തു**

# FILCA EXECUTIVE COMMITTEE 2025 - 2026



Dr. B. Radhakrishnan
( President )



Girija Surendran
( Vice President )



Sabu Sankar
( General Secretary )



Vinod Kumar. P
( Treasurer)



Jyothish Kumar.P.S
( Joint Secretary)



Rajambika .S.S
( Magazine content Editing)



Manoj. T
( Membership, Sponsorship, Social Media)



Sanju Kalapurackal
( Magazine Content , Compilation, )




Meril. P.L
(Theme , Film curation)

## Consultants




Vijaya Krishnan



John Thomas

# Women's Film Festival is highly relevant for several reasons



**Dr. B. Radhakrishnan**
(President, Filca Fim Society)

This Filca Film Festival package , designed with IFFT - Janasamskara Thrissur, is new and it offers a unique opportunity to showcase stories about women's lives, struggles, and triumphs, promoting understanding, empathy, and social change in the Socio Cultural climate of Kerala.

This film festival , in association with Women and Child Development Department, Joint Council -Nanma film society, Lottery Department, and other organisations, promotes diversity and inclusion by showcasing films from around the world, highlighting the experiences of women from different cultures, backgrounds, and identities.

By celebrating women's filmmaking, the festival encourages and empowers women to pursue careers in the creative film industry, which has traditionally been male-dominated.

The relevant factor of this festival is that it brings together women filmmakers, industry professionals, and audiences, providing a space for networking, collaboration, and community-building.

This Filca film festival provides a platform to raise awareness about women's issues, such as gender-based violence, reproductive rights, and economic empowerment. By sharing women's stories and experiences, this festival inspires audiences to take action, promoting social change and advocating for women's rights.

I welcome to all to this International Women's Film Festival which plays a vital role in promoting gender equality, empowering women filmmakers, and celebrating women's stories, making it a highly relevant and important event. Thank you.

# സിനിമയും സീരിയലും സെൻസർഷിപ്പും



**സാബു ശങ്കർ**
(ജനറൽ സെക്രട്ടറി, ഫിൽക്ക)
(നോവലിസ്റ്റ്, ചലച്ചിത്ര ഗ്രന്ഥകാരൻ ,
ചീഫ് കറസ്പോന്റ് - നേർക്കാഴ്ച വാരിക
അമേരിക്ക, സമീക്ഷ മാഗസിൻ കാനഡ
& ലിമ വേൾഡ് ലൈബ്രറി ലണ്ടൻ, യു. കെ. )

സംസ്കാരത്തിനും ജനതയ്ക്കും മദ്ധ്യേ ഒരു അദൃശ്യ മതിൽ ഉയരുന്നുവോ ? ...തിയേറ്ററിലെ ടിക്കറ്റ് കൗണ്ടറിലെ കളക്ഷൻ മുഖ്യ ലക്ഷ്യമാക്കിയുള്ള ചലച്ചിത്ര നിർമ്മാണത്തെ നാം വാണിജ്യ സിനിമ എന്ന് വിളിക്കുന്നു.

പ്രബുദ്ധിയുടെ കാര്യത്തിൽ പിന്നാക്കം നിൽക്കുന്ന ബൃഹത് വിഭാഗം ജനങ്ങളെ കാണികളാക്കി വാണിജ്യ റേറ്റിംഗ് കൂട്ടുന്ന ടെലിവിഷൻ സീരിയലുകളും ചില പ്രോഗ്രാമുകളും ഹ്രസ്വ ചിത്രങ്ങളും ഏറെയും സാംസ്കാരിക വിരുദ്ധ നിർമ്മിതികളാണ്.

ഇപ്പോൾ മലയാളത്തിൽ സ്വകാര്യ ടിവി ചാനലുകൾ സംപ്രേഷണം ചെയ്യുന്ന സീരിയലുകൾ കേരളീയ സംസ്കാരത്തിന്റേതല്ല. വൈജ്ഞാനികമായി പിന്നാക്കം നിൽക്കുന്നവർ അവ സൗജന്യമായി കാണുന്നു എന്നുകരുതി അതിന് സാമൂഹികവും കലാപരവുമായ മൂല്യമില്ല.

മുമ്പ് ദൂരദർശൻ മാത്രമുള്ളപ്പോൾ സ്ക്രിപ്റ്റ് കമ്മിറ്റി പരിശോധിച്ച ശേഷമേ താൽക്കാലിക അനുമതി സീരിയലുകൾക്ക് നൽകിയിരുന്നുള്ളൂ. അവിടെ ഉള്ളടക്കത്തിന്റെ കാര്യത്തിൽ വ്യക്തമായ നിയന്ത്രണം ഉണ്ടായിരുന്നു. കേരള ജനത ആകമാനം അവ കാണുകയും ചെയ്തിരുന്നു. നിർമ്മാണ ചെലവിന് പരസ്യത്തിലൂടെ സ്പോൺസർഷിപ്പും ലഭിച്ചിരുന്നു.

ഇപ്പോൾ ഉള്ളടക്കത്തിൽ പുരോഗമനപ്രദമായ മാറ്റം വേണം എന്ന് പറയുമ്പോൾ എന്തിന് എതിർക്കണം? എതിർക്കുന്നവരുടെ വൈജ്ഞാനിക നിലവാര പശ്ചാത്തലം കൂടി പരിശോധിക്കണം. അവർ കേരള സമൂഹത്തിൽ ആധികാരിക നിരൂപകർ പോലുമല്ല.

നൂറ് വർഷം മുമ്പ് സാക്ഷരത എന്നാൽ അക്ഷരം വായിക്കാനും എഴുതാനും അറിയുക എന്നതായിരുന്നു. ഇക്കാലത്ത് സാക്ഷരത എന്നാൽ വിജ്ഞാനം നേടുക എന്നതാണ്. ആ നവസാക്ഷരത കേരളത്തിന് നഷ്ടപ്പെട്ടിരിക്കുന്നു. പകരം സംസ്കാരത്തിനും ജനത്തിനും ഇടയിൽ ഒരു വാണിജ്യമതിൽ ഉയർന്ന് വന്നിരിക്കുന്നു.



ജനത്തെയും സംസ്കാരത്തെയും തമ്മിൽ വിഭജിക്കുന്ന വൻമതിൽ ആയിത്തീരരുത്. ജനവും സംസ്കാരവും വേർതിരിക്കപ്പെട്ടാൽ, സാമൂഹിക അവബോധം ഇല്ലാതാവും. രാഷ്ട്രീയ സാക്ഷരത, മാധ്യമ സാക്ഷരത , നൈതിക സാക്ഷരത , മൂല്യ സാക്ഷരത , സാമ്പത്തിക സാക്ഷരത, ശാസ്ത്ര സങ്കേതിക സാക്ഷരത തുടങ്ങി പുരോഗതിയുടെ ചാലക ശക്തികൾ വഴി പൗരന് സിദ്ധിക്കേണ്ടതായ അറിവും വിവേകവും നഷ്ടമാകും. സാഹിത്യ - ചലച്ചിത്ര സാക്ഷരതയും ക്രിയാശേഷിയും ഒഴുകിപോകും.

മനുഷ്യനും സമൂഹവും തമ്മിലുള്ള പാരസ്പര്യം റദ്ദ് ചെയ്യപ്പെടുന്നതോടെ അരാജകത്വവും അരക്ഷിതാവസ്ഥയും രൂപപ്പെടും. ഒരു ദേശത്തിന്റെ മനുഷ്യ വിഭവശേഷി സമൂഹ വിരുദ്ധമായി തീരും. കുറ്റകൃത്യങ്ങൾ സാമർത്ഥ്യമായി വ്യാഖ്യാനിക്കപ്പെടും. ഇക്കാലത്തെ വാർത്താ പത്രങ്ങളിൽ ഈ പ്രവണത സ്പഷ്ടമാണ്.

സോഷ്യൽ സൈക്കോളജി ഒരുതരം രോഗ ഗ്രസ്തമായ അബ്നോർമൽ സൈക്കോള ജിയിലേക്ക് വഴിമാറും. തെറ്റും ശരിയും തിരിച്ചറിയാത്ത സാമൂഹ്യ വ്യവസ്ഥിതി അന്ധകാരത്തിന്റെ അധികാര ശക്തികളു ടേതാവും. പല ലാറ്റിൻ അമേരിക്കൻ - ആഫ്രിക്കൻ രാജ്യങ്ങളിൽ നാം ഇത് കണ്ട താണ്.

ഇതൊക്കെയും ഗ്രഹിച്ചെടുക്കാൻ കഴിയുന്ന മനസ്സ് അസാധാരണമായ അവസ്ഥയിൽ പുതിയ രൂപങ്ങൾ കണ്ടെത്തുക സ്വാഭാവി കമാണ്. അവ പലപ്പോഴും സാമൂഹിക സത്യത്തിന്റെ , യാഥാർത്ഥ്യത്തിന്റെ , ജീവന സ്പന്ദനങ്ങൾ രാഷ്ട്രീയ പ്രതിഭാ സങ്ങളുടേതാവും.



വൈവിധ്യമാർന്ന , പ്രസക്തമായ ഉള്ളട ക്കങ്ങൾ ആവിഷ്കരിച്ചില്ലെങ്കിൽ താളം തെറ്റിയ സമൂഹം മനോരോഗത്തിന് വരെ അടിമപ്പെട്ട് പോകാം. പൗരൻ എന്നതിന്റെ ശബ്ദവും സംജ്ഞയും വേർതിരിയും. ഒരു ഭൂമേഖലയിലെ ജനതയും സംസ്കാരവും തമ്മിൽ വേർതിരിയും. ഒരു സമൂഹത്തിന്റെ ബൗദ്ധിക സമ്പത്തായ , സർഗ്ഗ ശേഷിയുടെ രംഗമായ കല ശുഷ്കമാവും. ഒരു വാണിജ്യ മതിൽ ജനത്തിനും സംസ്കാരത്തിനും ഇടയിൽ ഉയർന്നുവരും. അർത്ഥമില്ലാത്ത ദൃശ്യങ്ങളിലെ കെട്ടുകാഴ്ച മാത്രം ആസ്വദിക്കുന്ന ഒരു സമൂഹത്തിന്റെ കണ്ണുകൾ സാഹിത്യം,സിനിമ, നാടകം , ചിത്രകല , മാധ്യമം തുടങ്ങിയവയെ കാണുന്നത് ഏത് നിലവാരത്തിൽ ആയി രിക്കും ?

February Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WORLD CINEMA AND WOMEN'S WORLD FILM FESTIVAL



ഭൗതിക ശാസ്ത്രത്തിന് ദേശവും സംസ്കാരവും ദേശീയഭാഷയും ഇല്ല. അതിന്റെ ഗണിതഭാഷ ബൗദ്ധികമാണ്. സാർവലൗകികമാണ്. അതുപോലെ ചലച്ചിത്ര ഭാഷയ്ക്കും സാർവലൗകിക മണ്ഡലമുണ്ട്. നൂതനമായ ഉള്ളടക്കം കൂടി കൈവരിക്കുമ്പോൾ ചലച്ചിത്രസൃഷ്ടി രാജ്യാന്തരമായി തീരുന്നു. മാനവികത നിറഞ്ഞുനിൽക്കുന്നു.

ചരിത്രപരവും സാംസ്കാരികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്ന കാണികളുടെ ബൗദ്ധിക മണ്ഡലത്തിൽ ആസ്വാദനത്തിന്റെയും സ്വതന്ത്ര ചിന്തയുടെയും വിജ്ഞാനത്തിന്റെയും അന്വേഷണത്തിന്റെയും ദീപ്തി വിടരുമ്പോൾ മെച്ചപ്പെട്ട ആശയവിനിമയം സംഭവിക്കുന്നു. ഓർമ്മയിൽ തങ്ങിനിൽക്കുന്ന അനുഭവ അന്തരീക്ഷം സിനിമയുടെ ആത്മാവായി മാറുന്നു. കലയും മാധ്യമവും സമൂഹ മനഃശാസ്ത്രവും തമ്മിലുള്ള പാരസ്പര്യം ഒരു ബോധന പ്രക്രിയ കൂടിയായി വികസിക്കുന്നു. ജനകീയ മനഃശാസ്ത്രത്തെ പ്രകാശിപ്പിക്കുന്നു. അതൊരു ശാക്തീകരണം കൂടിയാണ്.



കലാരൂപങ്ങളിൽ പ്രമുഖ സ്ഥാനമുള്ള ചലച്ചിത്രം പ്രായത്തിനു അനുസരിച്ച് പല തട്ടുകളിൽ ആസ്വാദനത്തിനും ആശയ വിനിമയത്തിനും നിർമ്മിക്കപ്പെടുന്ന രീതി നമുക്കുണ്ട്. പല വിഭാഗങ്ങളായി തിരിച്ച് സെൻസർ സർട്ടിഫിക്കറ്റ് നൽകുന്നു. അതുപോലെ ടെലിവിഷൻ സീരിയലുകൾക്കും ഉള്ളടക്കം പരിശോധിച്ച് ഒരു സർട്ടിഫിക്കറ്റ് കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിക്ക് നൽകാൻ കഴിയും. നിയന്ത്രണം സർഗ്ഗാത്മക വിമർശനാത്മക ആവിഷ്കാരത്തെ പ്രതികൂലമായി ബാധിക്കരുത് എന്ന് വാദിക്കുന്നതിനൊപ്പം തന്നെ സംസ്കാരത്തിനും ജനതയ്ക്കും മദ്ധ്യേ ഉയർന്ന് വരുന്ന അദൃശ്യ മതിൽ തകർക്കപ്പെടുകയും വേണം ...



February Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society

WORLD CINEMA AND WOMEN'S WORLD FILM FESTIVAL



# പൊതുജനങ്ങൾ അറിഞ്ഞിരിക്കേണ്ട സ്ത്രീകൾക്കുള്ള സേവനങ്ങൾ



**നീതു.എസ്.സൈനു**

(ഡിസ്ട്രിക്ട് മിഷൻ കോഡിനേറ്റർ
മിഷൻ ശക്തി- ഡിസ്ട്രിക്ട് സങ്കൽപ്
ഹബ്ബ് ഫോർ എംപവർമെന്റ് ഓഫ് വുമൺ,
തിരുവനന്തപുരം.)

എല്ലാ പൗരന്മാർക്കും നീതിയും സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവും ജാതിമതവർഗ്ഗ ലിംഗ വ്യത്യാസമില്ലാതെ ഉറപ്പു നൽകുന്ന- സ്ത്രീകൾക്കെതിരായ എല്ലാ വിവേചനവും ഇല്ലാതാക്കുന്ന ഐക്യ രാഷ്ട്രസഭയുടെ സീഡോ ഉടമ്പടിയിൽ ഒപ്പുവച്ച രാജ്യമാണ് ഇന്ത്യ. എന്നിരുന്നാലും ജാതിവ്യവസ്ഥയും അധികാര ബന്ധങ്ങളിൽ ഊന്നിയ ആൺ മേൽക്കോയ്മ മൂല്യബോധവും ചേർന്ന് സൃഷ്ടിച്ച ലിംഗ വിവേചനത്തിൽ നിന്ന് നമ്മുടെ നാട്ടിലെ സ്ത്രീകൾ ഇനിയും മോചിതരായിട്ടില്ല എന്നതാണ് വാസ്തവം.

വിദ്യാഭ്യാസ ആരോഗ്യ മേഖലകളിൽ സ്ത്രീകൾ നേടിയ മുന്നേറ്റം അംഗീകരിക്കുമ്പോൾ തന്നെ ലിംഗ പദവി തുല്യത നേടുവാൻ കേരളത്തിലെ സമൂഹത്തിന് ഇനിയും സമയം വേണ്ടിവരും എന്ന വസ്തുത നാം തിരിച്ചറിയേതുണ്ട്. നമ്മുടെ നാട് വികസനത്തിന്റെ പാതയിലാണ് എന്ന് പറയുമ്പോഴും സമൂഹത്തിലെ സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യേതുണ്ട്. പ്രത്യേകിച്ച് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക്, രാഷ്ട്രീയ സാമൂഹിക പങ്കാളിത്ത നിരക്ക് എന്നിവയിൽ ഇനിയും ശ്രദ്ധ കേന്ദ്രീകരിക്കേതാണെന്ന് സ്ത്രീ അവസ്ഥ പഠനങ്ങൾ സൂചിപ്പിക്കുന്നു.

സമൂഹത്തിന്റെ വിവിധ മേഖലകളിൽ സ്ത്രീകൾ നേരിടുന്ന വെല്ലുവിളികളും പ്രയാസങ്ങളും പ്രശ്നങ്ങളും പരിഹരിച്ച് അവരുടെ സുരക്ഷാ, സംരക്ഷണം, ശാക്തീകരണം എന്നിവ ലക്ഷ്യമിട്ടുള്ള കേന്ദ്രവിഷ്കൃത



പദ്ധതിയാണ് മിഷൻ ശക്തി. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ഇല്ലാതാക്കുന്നതിനായി സൗജന്യ നിയമപദേശം, പോലീസ് സഹായം, സൈക്കോളജിക്കൽ കൗൺസിലിംഗ് സഹായം, നിരാലംബരായ വനിതകൾക്ക് താമസ സൗകര്യവും സംരക്ഷണവും ഉറപ്പാക്കൽ, വിവിധ വകുപ്പുകളിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കുമുള്ള പൊതു സേവനങ്ങളുടെയും പദ്ധതികളുടെയും പ്രാപ്യത ഉറപ്പാക്കൽ തുടങ്ങി സ്ത്രീകളുടെ ഗാർഹിക- സാമൂഹിക- സാമ്പത്തിക- ശാരീരിക- വൈകാരിക അവസ്ഥകളെ അവലംബിച്ചുകൊണ്ട് ഈ മിഷൻ ശക്തി പദ്ധതിയിൽ എട്ടു ഉപപദ്ധതികളും സേവനങ്ങളും അവലംബിച്ചിട്ടുണ്ട്.

സ്ത്രീകളുടെ സുരക്ഷാ സംരക്ഷണം എന്നിവ ഉറപ്പ് വരുത്തുന്ന സംഭാൽ സ്കീമിൽ ഗാർഹിക അതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾക്കും പെൺകുട്ടികൾക്കും താൽക്കാലിക താമസ സൗകര്യം വൈദ്യസഹായം, പോലീസ് നിയമസഹായങ്ങൾ, സൈക്കോളജിക്കൽ കൗൺസിലിംഗ് സഹായം, എന്നിവ ലഭ്യമാക്കുന്ന വൺ സ്റ്റോപ്പ് സെന്റർ സേവനം, 24×7 സംവിധാനത്തിൽ പ്രവർത്തിക്കുന്ന 181 മിത്ര ഹെൽപ് ലൈൻ സംവിധാനം, നേരിട്ട് സേവനം നേടാൻ കഴിയാത്ത സ്ത്രീകൾക്ക് ഓൺലൈനായി സൗജന്യ നിയമ പോലീസ് സൈക്കോളജിക്കൽ കൗൺസിലിംഗ് സേവനം നൽകുന്ന കാതോർത്ത് പദ്ധതി (www.wcdscheme.kathorth.in), പെൺകുട്ടികളുടെ സമഗ്രമായ പുരോഗതിക്കും വികസനത്തിനും ബേട്ടി ബച്ചാവോ ബേട്ടി പഠാവോ പദ്ധതി, സ്ത്രീകളുടെ ജീവിതപ്രതിസന്ധികളിൽ നീതിയുടെ കവചം തീർക്കുന്ന നാരി അദാലത്തുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.സ്ത്രീകൾക്കെതിരെ അതിക്രമവും അവഗണനയും ഏതു തരത്തിൽ എവിടെ ഉണ്ടായാലും അവിടെ പ്രതികരിച്ച് കുറ്റക്കാരെ വെളിച്ചത്തു കൊണ്ടു വന്ന് അവരെ ശിക്ഷിച്ച്, സ്ത്രീകൾക്ക് ധൈര്യത്തോടെ സ്വതന്ത്രമായി ജീവിക്കാൻ ഉതകുന്ന തരത്തിലുള്ള ഒരു സാഹചര്യം സൃഷ്ടിക്കുക, അവർക്കാവശ്യമുള്ള നിയമപരിരക്ഷ ഉറപ്പുവരുത്തുക എന്നിവയാണ് നാരി അദാലത്തിലൂടെ ലക്ഷ്യമിടുന്നത്.



ഈ അവസരത്തിൽ പ്രത്യേകം കൂട്ടിച്ചേർക്കേണ്ട ഒരു കാര്യമുണ്ട്. സ്ത്രീകളുടെ സാമൂഹ്യ പദവി, ആയുർദൈർഘ്യം, വിവാഹപ്രായം, സാക്ഷരത ലിംഗാനുപാദം ജനന നിരക്ക് എന്നിവയിലെല്ലാം നമ്മുടെ നാട്ടിലെ സ്ത്രീകൾ മുൻപന്തിയിൽ ആണെങ്കിലും തൊഴിൽ പങ്കാളിത്തത്തിലെയും നേതൃനിരയിലെ സ്ത്രീ സാന്നിധ്യത്തിലെ കുറവും, വീട്ടിലോ തൊഴിലിടത്തിലോ തീരുമാനം എടുക്കുന്നതിൽ സ്ത്രീയുടെ ഭാഗം പ്രതിഫലിക്കാത്ത അവസ്ഥയുമാണ് നിലവിൽ നമുക്കുള്ളത്. ഇതിന് തടയിടുന്നതിലേക്കായി സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഊട്ടി ഉറപ്പിക്കുന്നതിനായി മിഷൻ ശക്തിയുടെ സാമർത്ഥ്യ ഉപ പദ്ധതിയിലൂടെ വിവിധ സേവനങ്ങളും പദ്ധതികളും  ഉറപ്പുവരുത്തുന്നുണ്ട്. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് ദൂരസ്ഥലങ്ങളിൽ പോയി തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്ന കുഞ്ഞുങ്ങളുടെ ഡേ കെയർ സംവിധാനത്തോടെയുള്ള സഖി നിവാസ് (വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ) സേവനം, വീട്ടിൽ തിരികെ പോകാൻ കഴിയാത്ത സാധുക്കളായ അതിക്രമത്തിനിരയായ സ്ത്രീകൾക്ക് മൂന്നുവർഷം വരെ സൗജന്യ താമസസൗകര്യവും നൈപു ണ്യ പരിശീലനത്തിലൂടെ സ്വയം തൊഴിൽ കണ്ടെത്താൻ സഹായിച്ച് സ്വയം പ്രാപ്തരാക്കി തിരികെ സമൂഹത്തിൽ എത്തിക്കാൻ സഹായിക്കുന്ന ശക്തി സദനുകൾ, ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും സാമ്പത്തിക സഹായം നൽകുന്ന പ്രധാൻ മന്ത്രി മാതൃ വന്ദന യോജന, കൂടാതെ ജോലിക്ക് പോകുന്ന അമ്മമാരുടെ കുട്ടികൾക്ക് അവരുടെ തൊഴിലിടത്തിനടുത്തുതന്നെ ഡേ കെയർ സംവിധാനം ഒരുക്കുന്ന പാൽന ക്രഷ് സ്കീം എന്നിവയാണ്  മിഷൻ ശക്തിയുടെ സാമർത്ഥ്യ ഉപപദ്ധതിയുടെ കീഴിൽ വരുന്ന പ്രധാന പദ്ധതികളും സേവനങ്ങളും.

തിരുവനന്തപുരം ജില്ലയിൽ മിഷൻ ശക്തി പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന പദ്ധതിയുടെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് ആണ് ഡിസ്ട്രിക് സങ്കൽപ് ഹബ്ബ് ഫോർ എംപവർമെന്റ് ഓഫ് വുമൺ. തിരുവനന്തപുരം ജില്ല വനിത ശിശു വികസന ഓഫീസിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ നിന്ന് ഏതൊരു സ്ത്രീക്കും ഏത് സമയത്തും ഈ സൂചിപ്പിച്ച പദ്ധതികളുടെ സേവനം ലഭ്യമാകുന്നതാണ്.

കൂടാതെ വിവിധ  നൈപുണ്യ പരിശീലന പരിപാടികൾ, ബോധവൽക്കരണ പരിപാടികൾ,തൊഴിൽ മേളകൾ,തുടങ്ങി സ്ത്രീകൾക്ക് ആവശ്യമായുള്ള ഏതൊരു സേവനത്തിനും സങ്കൽപ്പിന്റെ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കായി വിളിക്കേണ്ട നമ്പർ 9895129576 അല്ലെങ്കിൽ മിത്ര ഹെൽപ് ലൈൻ നമ്പർ 181. ●



# ആരോഗ്യകരമായ ലിംഗബന്ധങ്ങളുടെ പ്രസക്തി



തസ്നീം . പി. എസ്.
(ജില്ലാ ഓഫീസർ,
വനിതാ ശിശു വികസന വകുപ്പ് )



അന്താരാഷ്ട്ര വനിതാ ദിനത്തോടനു ബന്ധിച്ച് പല പ്രോഗ്രാമുകളും മറ്റു സംഘടനകളുമായി ചേർന്നു ജില്ലയിലുട നീളം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായാണ് ഫിൽക്ക ഫിലിം സൊസൈറ്റിയുമായി ചേർന്നു സ്ത്രീപക്ഷ സിനിമകളുടെ ഫെസ്റ്റിവൽ സംഘടിപ്പിച്ചത്.

സ്ത്രീകളുടെ പ്രശ്നങ്ങൾ ഫോക്കസ് ചെയ്തു കൊണ്ടുള്ള ഏറ്റവും പുതിയ സിനിമകൾ വനിതകൾ സംവിധാനം ചെയ്തവയും വനിതകളെ കേന്ദ്രീകരിച്ച് പുരുഷന്മാർ സംവിധാനം ചെയ്തവയുമാണ് .



സ്ത്രീകളുടെ പ്രശ്നങ്ങൾ- അനുഭവങ്ങൾ, വേദന, കഷ്ടപ്പാടുകൾ, തൊഴിലിടങ്ങളിലും പ്രശ്നങ്ങൾ കൂടുതലും നേരിടുന്നത് സ്ത്രീകളാണ്.

കേരളത്തിന്റെ അവസ്ഥ നോക്കിയാൽ സ്തീകൾക്കെതിരായ അക്രമങ്ങൾ കൂടിക്കൊണ്ടിരിക്കുന്നു. കുടുംബത്തിനകത്തായാലും സൈഡിൽ നിന്നും. ഇതൊക്കെ സൂചിപ്പിക്കുന്നത് ആരോഗ്യകരമായ ലിംഗബന്ധങ്ങളുടെ പ്രസക്തിയെക്കുറിച്ചാണ്. ഡിജിറ്റൽ അഡിക്ഷൻ, മയക്കുമരുന്നിന്റെ ഉപയോഗം എല്ലാം കൂടിക്കൊണ്ടിരിക്കുന്നു. ഇതിനെക്കുറിച്ചൊക്കെ പഠനം ആവശ്യമാണ്.

കോളേജിലായാലും സ്കൂളിലായാലും കുട്ടികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ പറ്റില്ല. അവബോധ ക്ലാസുകളും ചർച്ചകളും നടന്നു കൊണ്ടിരിക്കുന്നു. യുവാക്കളോട് നേരിട്ട് സംസാരിച്ചുകൊണ്ട് അവരുടെ ആശയങ്ങളും അഭിപ്രായങ്ങളും അറിഞ്ഞു കൊണ്ട് എല്ലാ ദിവസവും ജില്ലയിലുട നീളം ജില്ലാ തലത്തിൽ വാക്കത്തൺ സംഘടിപ്പിക്കുന്നതിന്റെ ചർച്ച നടക്കുന്നു.

February Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WORLD CINEMA AND WOMEN'S WORLD FILM FESTIVAL





സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് ഒരു പരിഹാരം എന്താണ്...?

കേരള സർക്കാരിന്റെ വനിതാ - ശിശുക്ഷേമ വകുപ്പിന്റെ ഉൾപ്പെടെ നിരവധി വകുപ്പുകൾ സ4ക്കാരിĝറേതായിട്ട് ഉണ്ടെങ്കിലും വകുപ്പുകൾ എല്ലാം സ്ത്രീകൾക്കു വേണ്ടി പല സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എങ്കിലും സ്ത്രീകളിലേക്ക് അതൊന്നും എത്തിച്ചേരുന്നില്ല.

അതിനു പരിഹാരമായി മനസ്സിലാക്കേണ്ട കാര്യം ഒരു സ്ത്രീക്കു അതിക്രമം നേരി ടേണ്ടി വന്നാൽ ഏറ്റവും ആദ്യം സന്ദർശി ക്കാവുന്ന ഏറ്റവും അടുത്ത സ്ഥലം വനിതാ - ശിശു വകുപ്പിന്റെ ജില്ലാതല ഓഫീസാണ്. തിരുവനന്തപുരത്തെ പൂജപ്പുര യിലാണ് ഓഫീസ്. ഗാർഹിക പീഢനമോ അതുപോലുള്ള അതിക്രമങ്ങൾ നേരിടേണ്ടി വരുന്ന സാഹചര്യത്തിൽ കുട്ടിയുണ്ടെങ്കിൽ അതിനെയും കൂട്ടി പെട്ടെന്നു എത്താവുന്ന സ്ഥലമാണ് പൂജപ്പുരയിലെ വൺ സ്റ്റോപ്പ് സെന്റർ.

സൗജന്യമായി നിയമ പരിരക്ഷ ഉണ്ട് . ചെറിയ മുറിവുണ്ടെങ്കിൽ വൈദ്യസഹായ വും ലഭിക്കും. അഞ്ചു ദിവസം വരെ താമസ സൗകര്യവും ലഭ്യമാണ്. അതിനിടയിൽ കൗൺസിലിങ്ങും നടത്തും.

പരിഹരിക്കാൻ കഴിയാത്ത പ്രശ്നം ആണ് എങ്കിൽ തിരികെ വീട്ടിലേക്കു പോകാൻ പറ്റാത്ത സാഹചര്യത്തിൽ ഷെൽട്ടർ ഹോമിലേക്ക് മാറ്റുന്ന ഒരു സംവിധാന മുണ്ട്. ഇനി നമുക്ക് നേരിട്ട് വരാൻ പറ്റാത്ത സന്ദർഭത്തിൽ ആ പ്രശ്നത്തിൽ അകപ്പെട്ടു പോയെങ്കിൽ *181* എന്ന നമ്പരിൽ ബന്ധപ്പെടുക. വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ ഉപയോഗപ്പെടുത്തുക.

അന്താരാഷ്ട്ര വനിതാ ദിന പ്രവർത്തനത്തിന് മുന്നോടിയായി നടക്കുന്ന ഈ വനിതാ ഫിലിം ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്യാൻ ക്ഷണിച്ച ഫിൽക്ക ഫിലിം സൊസൈറ്റി ഭാരവാഹികൾക്ക് നന്ദി.



February Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WORLD CINEMA AND WOMEN'S WORLD FILM FESTIVAL



# സിനിമയിൽ പുതിയ പ്രമേയങ്ങൾ വേണം



**അഡ്വ. ഇന്ദിര രവീന്ദ്രൻ**
(അംഗം, വനിതാ കമ്മീഷൻ, സീനിയർ സിറ്റിസൺ സർവീസ് കൗൺസിൽ)



ഇന്നു സിനിമ മേഖലയിൽ കൂടുതലായും പുരുഷ മേധാവിത്വമാണ്. സമൂഹത്തിൽ എല്ലായിടത്തും സ്ത്രീ പിന്നിലാണ്. ക്യാമറയ്ക്ക് മുന്നിലും പിന്നിലും സ്ത്രീ അദൃശ്യയാണ്. പക്ഷേ നമുക്കു സന്തോഷം തരുന്ന ഒരു കാര്യം 2023 - 24 വന്നപ്പോൾ ഫിലിം ഇൻഡസ്ട്രി പിന്നിലേക്ക് പോയില്ലെന്നു മാത്രമല്ല മറ്റു രാജ്യങ്ങളിലെ സെറ്റ് ബാക്കുമായി താരതമ്യം ചെയ്യുമ്പോൾ നമ്മൾ മുന്നോട്ടു തന്നെയാണ് പോകുന്നത്.

വരും കാലഘട്ടത്തിൽ നമുക്കു സിനിമാ വ്യവസായത്തെ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തി കൊണ്ടു വരാൻ ഉതകുന്ന ചില കാര്യങ്ങൾ പറയാം.

നമ്മുടെ ജീവിതത്തിന്റെ ഏറ്റവും സന്തോഷകരമായ നിമിഷങ്ങളിൽ നമ്മൾ സിനിമ എന്ന മാധ്യമത്തെ എപ്പോഴും കൈപിടിച്ചാണ് പോകുന്നത്. നമ്മുടെ ജീവിതത്തിന്റെ എല്ലാതലത്തിലും സായംസന്ധ്യയിലും വളരെ സന്തോഷ നിമിഷങ്ങൾ പ്രദാനം ചെയ്യുന്ന ഫിലിം ഫീൽഡിലെ സഹോദരിമാരുടെ പ്രശ്നങ്ങൾ കേൾക്കുന്നതിന് വനിതാ കമ്മിഷൻ ഒരു പബ്ലിക് ഹിയറിങ്ങ് അഥവാ ഒരു തുറന്നു പറച്ചിൽ സംഘടിപ്പിച്ചു. നടിമാരെയും സപ്പോർട്ടിംഗ് സ്റ്റാഫുകളെയും ഒക്കെ വിളിച്ചു സംസാരിച്ചു. അവരുടെ പ്രശ്നങ്ങൾ, ബാത്ത്റൂം, വാഹന ബുദ്ധിമുട്ടുകൾ ഇതൊന്നും സൈറ്റിൽ ഏർപ്പാടു ചെയ്യാറില്ല.

വനിതാ കമ്മീഷന്റെ ഇടപെടലിലൂടെ തുല്യജോലിക്കു തുല്യ വേതനം ലഭിച്ചു തുടങ്ങിയിട്ടുണ്ട്. വിദേശ രാജ്യങ്ങളിൽ സ്ത്രീ കഥാപാത്രങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന സിനിമകൾക്ക് ടാക്സ് ഒഴിവാക്കുന്നു. പല ബെനിഫിറ്റും ഇൻസെന്റീവ് കിട്ടുന്നു. പെൺകുട്ടികൾക്ക് ട്രെയിനിങ് കൊടുക്കുകയും കോഴ്സ് കഴിയുമ്പോൾ പ്രൊഡക്ഷൻ യൂണിറ്റുമായി അറ്റാച്ച് ചെയ്യിക്കുന്നു. തീർച്ചയായും നമ്മുടെ പെൺകുട്ടികളുടെ വളർച്ചയ്ക്ക് വേണ്ടി നമുക്ക് കൈകോർക്കാം.

മലയാള സിനിമയിൽ സ്ത്രീ ശാക്തീ കരണത്തിനു വേണ്ടി ഈ കാലഘട്ടത്തിനനുസരിച്ച് പുതിയ തീമുകൾ കൊണ്ടു വരണം.

February Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WORLD CINEMA AND WOMEN'S WORLD FILM FESTIVAL



# സിനിമയിൽ സ്ത്രീ: ഭാവനയും യാഥാർത്ഥ്യവും



**ഷീബ. എസ്.ജെയിംസ്**
( ഫിൽക്ക)

പ്രപഞ്ചത്തിന്റെ സ്വപ്ന സീമകളോളം ചെന്നെത്തുന്ന സാന്ദ്ര ഭാവത്തിന്റെ സങ്കലനമാണ് സ്ത്രീ .പ്രകൃതിയിലെ ആദിശക്തിയായി, വേദങ്ങളിലെ അതിഥിയിലൂടെ വാഴ്ത്തപ്പെടുമ്പോഴും സംര ക്ഷണത്തിനായി അവൾ മുറവിളി കൂട്ടുന്നു. ഇവിടെ സിനിമയിലെ സ്ത്രീക്കും, സാഹിത്യത്തിലെ സ്ത്രീക്കും സമൂഹത്തിലെ സ്ത്രീയ്ക്കും വ്യക്തിജീവിതത്തിലെ സ്ത്രീക്കും ഇടയിൽ മൂർത്തമായ വൈരുധ്യം പ്രകടമാണ്.

സ്ത്രീ ശബ്ദത്തിലുദിച്ച് അവസാനിക്കുന്ന പഞ്ചനദികളുടെ സംഗമ ഭൂമിയായ ഭാരതം അമ്മ ദൈവങ്ങളുടെ നാടാണ്. കുരുക്ഷേത്രത്തിലെ ഗാന്ധാരിയും, ചിലപ്പതികാരത്തിലെ കണ്ണകിയും, രാമായണത്തിലെ സീതയും, മഹാഭാരതത്തിലെ ദ്രൗപതിയും സ്നേഹത്തിന്റെയും സഹനത്തിന്റെയും ഉദാത്ത ഭാവങ്ങളാണ്.

അന്ന് സ്ത്രീക്കും പുരുഷനുമിടയിൽ ഒരു വിവേചന രേഖ വരയ്ക്കപ്പെട്ടിരുന്നില്ല. ലിംഗഭേദത്തെ പോലും അന്യപ്പെടുത്തി കൊണ്ട് സൃഷ്ടിയുടെ ആരംഭത്തിൽ പുരുഷനും പ്രകൃതിയും ഒന്നായി നിന്നുവെന്ന് അർദ്ധനാരീശ്വര സങ്കൽപം തെളിയിക്കുന്നു. ഇവിടെ നിന്ന് കൊണ്ട് മാനവ ധർമ്മ ശാസ്ത്രകാരൻ പറഞ്ഞു യത്ര നാര്യസ്തു പൂജ്യന്തേ, രമന്തേ തത്രദേവതാ (എവിടെ സ്ത്രീകളെ പൂജിക്കപ്പെടുന്നുവോ അവിടെ ദേവതമാർ ആഹ്ലാദിക്കുന്നു.)



എന്നാൽ മനുവിന്റെ പേരിൽ പിൽക്കാലത്ത് രൂപപ്പെട്ട വ്യവസ്ഥിതി കുറച്ചു കൂടി കൂട്ടിച്ചേർത്തു. ഏത് കുലത്തിൽ സ്ത്രീകൾ ശോഭിക്കുന്നുവോ ആ കുലം തൽക്ഷണം മുടിഞ്ഞു പോകും. മാത്രവുമല്ല സ്ത്രീ സ്വതന്ത്രമായി ഉപജീവനമാർഗ്ഗം തേടാൻ പാടില്ലെന്നും വിധിക്കുമ്പോൾ ആണ് സ്ത്രീ അടിമയുടെ അവതാരമായി മാറുന്നത്.

സാഹിത്യ സൃഷ്ടികൾ രചിച്ചവരും, പഴമൊഴികൾ ഉണ്ടാക്കിയവരും സ്ത്രീയോട് വേണ്ടത്ര നീതി പുലർത്തിയില്ല. അങ്കുശമില്ലാത്ത ചാപല്യമേ പാരിൽ അംഗനയെന്നു വിളിക്കുന്നു ഞാൻ. എന്ന് പ്രശസ്ത

February Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WORLD CINEMA AND WOMEN'S WORLD FILM FESTIVAL


നായ ഒരു മലയാളകവി പാടി. വിശ്വസാഹിത്യത്തിൽ ഒന്നാം നിരയിൽ നിൽക്കുന്ന ഇംഗ്ലീഷ്കാരൻ കവി പാടിയത് ദൗർബ്ബല്യമേ നിന്റെ പേരാണ് സ്ത്രീ എന്നാണ്. ദോഷം പറയരുതല്ലോ ലോകത്തെമ്പാടുമുള്ള കവികളും സാഹിത്യകാരാരും, സിനിമാക്കാരും സ്ത്രീയുടെ സൗന്ദര്യത്തെ വാഴ്ത്താൻ ഒട്ടും മടി കാണിച്ചില്ല. അംഗപ്രത്യംഗ വർണ്ണനയിൽ അവർ സായൂജ്യം കണ്ടെത്തി. കരയാൻ വിധിക്കപ്പെട്ട നായികയാണ് അവളെങ്കിലും കാണാൻ കണ്ണിന് സുഖം തരുന്ന, വലിയ ബുദ്ധി ശക്തിയും, വിവേചന ശക്തിയും ഇല്ലാത്ത , ഒരു സുന്ദര വസ്തുവായും സ്ത്രീയെ അവർ ചിത്രീകരിച്ചു.

സിനിമയിലും സീരിയലിലും സ്ത്രീ കാമിക്കപ്പെടാനുള്ളതാണ്. പൂവായാൽ മണം വേണം.പൂമാനായാൽ ഗുണം വേണം. പൂമാനിനി സ്ത്രീകളായാൽ അടക്കം വേണം എന്ന് പാടിയ കവി, സ്ത്രീ ആയാൽ ബുദ്ധി വേണം എന്ന് പറഞ്ഞില്ല. മിടുക്കികളായ സ്ത്രീകളെ കുറിച്ച് ആർക്കും നല്ല അഭിപ്രായം ഇല്ല. വാത്സല്യവും ക്ഷമയും അവൾക്കു ഭൂഷണം.

കടന്നുപോയ കാലത്തിൽ നിന്നും വളരെയധികം മുന്നോട്ടുപോയി സിനിമാ മേഖല. മലയാളസിനിമയിലെ ആദ്യ നായികയായിരുന്നു പി. കെ. റോസി. 1927 – 28 കാലഘട്ടത്തിൽ ജെ. സി ഡാനിയേൽ തന്റെ സിനിമയായ വിഗതകുമാരനിൽ അഭിനയിക്കാൻ ഒരു നായികയെ കണ്ടെത്തി. ഉപജീവനത്തിനായി പുല്ല് ചെത്തി കെട്ടുകളായി വിൽക്കുന്ന രാജമ്മയെ. രാജമ്മയെ റോസി എന്ന് പുനർനാമകരണം ചെയ്ത് 5 രൂപ ദിവസകൂലിയിൽ നായികയാക്കി. എന്നാൽ ദളിത് യുവതി ആയതിനാൽ താൻ അഭിനയിച്ച സിനിമ പോലും കാണാനാകാതെ അവർക്ക് നാട് വിടേണ്ടിവന്നു. സ്ക്രീനിലെ



പ്രദർശനം കാണാൻ റോസിയെ സംവിധായകൻ ക്ഷണിച്ചില്ല എങ്കിലും റോസി എന്ന കഥാപാത്രം വന്നതോടെ ആളുകൾ അക്രമാസക്തരായി. സ്ക്രീൻ കത്തിച്ചു. റോസിയെ പരസ്യമായി വസ്ത്രാക്ഷേപം നടത്തി. 1928 – ൽ സവർണ്ണ റൗഡികൂട്ടം അവരുടെ കുടിലിന് തീയിട്ടു. അവർ നാടുവിട്ടു.

കാലം മാറിയെങ്കിലും ഇന്നും സിനിമയിലെ സ്ത്രീ സ്വാതന്ത്ര്യത്തിനായി മുറവിളി കൂട്ടുകയാണ്. മാതൃദായത്തിന്റെ പതനം പെൺവർഗ്ഗത്തിന്റെ ആകെ തന്നെയുള്ള ലോകചരിത്രപ്രധാനമായൊരു പതനമായിരുന്നു എന്നാണ് ഏൻഗൽസ് പ്രസ്താവിക്കുന്നത്.

സ്ത്രീ വിമോചിക്കപ്പെടുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. ഈ സമൂഹത്തിൽ നിന്ന് കൊണ്ട് ശ്രീ. സച്ചിദാനന്ദൻ എഴുതുന്നു. കണ്ണടച്ചാഗ്രഹിക്കുക ആണ് പെണ്ണിന് നരകമാകാത്ത ഭൂമി. ഈ ഈരടിയിലെ ഭൂമി ആമസോൺ ലുട്ടോപ്പിയ അല്ല. ആണും പെണ്ണും സമ ഭാവനയോടെ വർത്തിക്കുന്ന ഭാരതഭൂമി. അതിനായി നമുക്ക് കാത്തിരിക്കാം.



## അന്താരാഷ്ട്ര വനിത ദിനാഘോഷ പരിപാടികൾക്ക് തുടക്കം കുറിച്ചു

കേരള സർക്കാർ വനിത ശിശു വികസന വകുപ്പ് തിരുവനന്തപുരം ജില്ല ഓഫീസിൽ പ്രവർത്തിക്കുന്ന ഡിസ്ട്രിക് സങ്കൽപ്പ് ഹബ്ബ് ഫോർ എംപവർമെന്റ് ഓഫ് വിമൺ- ഫിൽക്ക ഫിലിം സൊസൈറ്റി, ലോട്ടറി ഡിപ്പാർട്ട്മെന്റ്, ജോയിന്റ് കൗൺസിൽ, നന്മ ഫിലിം സൊസൈറ്റി, ചലച്ചിത്ര അക്കാദമി, സീനിയർ സിറ്റിസൺസ് സർവീസ് കൗൺസിൽ, ബീം ഫിലിം സൊസൈറ്റി, ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ മിഷൻ, യുവകലാ സാഹിതി എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ അന്താരാഷ്ട്ര വനിത ദിനാഘോഷ പരിപാടികൾക്ക് തുടക്കം കുറിച്ചു കൊണ്ട് വേൾഡ് സിനിമ ആൻഡ് വിമൻസ് വേൾഡ് എന്ന വിഷയത്തെ ആസ്പദമാക്കി ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ, സെമിനാർ, പെയിന്റിംഗ് കോമ്പറ്റീഷൻ എന്നിവ ഫെബ്രുവരി 26 നു സംഘടിപ്പിച്ചു.

രാവിലെ 10 മണി മുതൽ ആരംഭിച്ച സിനിമ പ്രദർശനം രാത്രി 10 മണി വരെ നീണ്ടു. പ്രദർശിപ്പിച്ച 10 സിനിമകളിൽ ഒരെണ്ണം ഒഴികെ 9 സിനിമകളും വിക്കിപീഡിയയിൽ പോലും വന്നിട്ടില്ലാത്ത -വനിതകൾ സംവിധാനം ചെയ്തവയും വനിതകളെ കേന്ദ്രീകരിച്ച് പുരുഷന്മാർ സംവിധാനം ചെയ്തവയും ആയ ഏറ്റവും പുതിയ സിനിമകൾ ആണെന്നുള്ളത് ഈ ഫിലിം ഫെസ്റ്റിന്റെ പ്രത്യേകതകൾ ആയിരുന്നു. ഇറാൻ, റഷ്യ, ലിത്വാനിയ, ബൾഗേറിയ, ചിലി , ഇന്ത്യ എന്നിങ്ങനെ പല രാജ്യങ്ങളിൽ നിന്നുള്ള ലോക ക്ലാസിക്കൽ സിനിമകളാണ് പ്രദർശിപ്പിച്ചത്.


വൈകുന്നേരം 5:30 നു നടന്ന സെമിനാർ ജില്ലാ വനിതാ ശിശു വികസന ഓഫീസർ ശ്രീമതി തസ്നീം പി എസ് ഉദ്ഘാടനം ചെയ്തു. ഫിൽക്ക ഫിലിം സൊസൈറ്റി ജനറൽ സെക്രട്ടറി സാബു ശങ്കർ, ഫിൽക ഫിലിം സൊസൈറ്റി പ്രസിഡന്റ് ഡോക്ടർ ബി രാധാകൃഷ്ണൻ, ഫിൽക്ക വൈസ് പ്രസിഡണ്ട് ഗിരിജ സുരേന്ദ്രൻ, വനിതാ കമ്മീഷൻ അംഗം അഡ്വക്കേറ്റ് ഇന്ദിരാ രവീന്ദ്രൻ, ഡിസ്ട്രിക്ട് സങ്കല്പ് ഹബ്ബ് ഫോർ എംപവർമെന്റ് ഓഫ് വിമൻ ഡിസ്ട്രിക്ട് മിഷൻ കോഡിനേറ്റർ നീതു എസ് സൈനു, കവയിത്രി രാജാംബിക എന്നിവർ സെമിനാറിൽ സംസാരിച്ചു. പെയിന്റിങ് കോമ്പറ്റീഷനിൽ വിജയികളായ ലക്ഷ്മി ഹരികുമാർ, ദിയ ലിസി ഷൈൻ, അർച്ചന സി എസ്, ആശിഷ . വി എന്നിവർക്ക് സർട്ടിഫിക്കറ്റും വിതരണം ചെയ്തു കൊണ്ട് പരിപാടിക്ക് സമാപനം കുറിച്ചു.

# World Cinema and Women's World














# World Cinema and Women’s World












February Film Festival


ഫിലിം വിഷൻ

Digital Magazine Published by Filca Film Society

WORLD CINEMA AND WOMEN'S WORLD FILM FESTIVAL




# World Cinema and Women's World












# World Cinema and Women's World

















# World Cinema and Women's World















# Morisika (Mirage): The Story of the Boatman

**"Morisika (Mirage): The Story of the Boatman"** traces the personal histories of 8 lives that are intertwined with the Brahmaputra river in Assam during the 19th, 20th and 21st century set against the backdrop of politicised and natural events. The "boatman" is metaphor for connecting threads much as the boatmen themselves in Assam connect people and livelihoods. This film positions itself as an intersection between society-art-nature through the medium of creative non-fiction. Their resilience is in the ability to hope for the future in the face of challenges fuelled by climate change. Their struggle is to understand their own sense of identity and history in a landscape that is fast vanishing. This film is an attempt to leave behind a document for them, made by them.



**Vandana Menon and Debashish Nandi**

**Directors' Biography**

Vandana Menon is a film maker and inter disciplinary visual storyteller based between Bangalore and Tezpur, India. She is the Co Founder of The River Project. Her work ranges from creative non fiction films to live visual performances. Her work as a visual artist pushes structural and technological boundaries creating multiple, even interactive narratives with image and sound. Across the sub-continent, in London, Istanbul, Germany and South Africa, she has worked on several multi disciplinary collaborations with film makers, musicians and dancers, architects and playwrights. Alternative paradigms of development, human rights, oral histories, arts and culture and rights based conservation of the ecology and environment are some of the spaces she explores through her films as well as the performing arts. A lover of books, music and dancing, you will find her with her nose buried in a book if she has some spare time.

Debashish Nandi is a film maker, photographer and illustrator based out of Tezpur, Assam. He is the Co-Founder of The River Project. Debashish is a multi faceted story teller. Apart from running and collaborating on stories for The River Project, he also works on commissioned projects rooted in conservation of the ecology and environment. He was the Director of photography for Colonies in Conflict: an award winning feature length documentary film on the plight of honeybees. He also mentors young film makers from the North East and Central India. A lover of food especially all things sweet, you will find him drawing, sketching or cooking if he has some spare time.

Director Statement: Our perceptions of the past, change and alter with every version of every story. Imagery and sound act as a record of an age's interior life, building a joint memory of the people of that time. To then use it as a lens to view ourselves, our time and our world, to explore memories and lesser known mythologies, is a way to discuss the passing of time. It can explore the space between reason and romance and

our need to re-wild in spirit and with nature. It is a way to understand our relationship with nature; not glorified and not romanticised but in its truest form. Tucked away in the eastern part of the country that is often side lined, ignored or worse misrepresented is the Brahmaputra Valley in Assam and this is the story of its people. The Brahmaputra originates in Tibet and flows into India through Arunachal Pradesh and Assam before emptying out in the Bay of Bengal via Bangladesh. Over the centuries the Brahmaputra or Luit or Siang, as it is known in different parts of the North East has been instrumental in forging cultural identities and livelihoods. This river is the lifeline for the people in Assam. Stories of seasonal changes, biodiversity, mythologies, folk music are all a testimony to the common man's relationship with land and water. Folk, simply put is a means of communication that originated as such and now can be used as a tool to help people understand a little bit more about each other and the landscapes they inhabit.


India's 'developmental progress' has led to deforestation and depletion of natural resources, worsening floods, landslides and droughts leading to displacement of communities. The waterways are no longer pliable for the boatmen who used to earn a living navigating these routes. Droughts in the winter and summer months have also forced people to abandon their age old practices of rearing livestock, agriculture, fishing, folk art to seek daily-wage labour. Their resilience in the face of challenges due to natural. calamities fuelled by climate change and their struggle to understand their own sense of identity and history in a landscape that's rapidly vanishing is the thread that brings it all together. Making this film was immersive and challenging at the same time. One of our primary objectives was to find a way to collaborate creatively with the different members of riverine communities that we were filming. We firmly believe that everyone has the power to tell their own stories irrespective of the technical know how required in film making. Together, we worked to create a film, driven by their stories told in their own voices. Filmed over the course of two years, the final feature length documentary was first screened in conjunction with the different communities who collaborated with us.



# റോസാ ലക്സംബെർഗ്



**സുരേഷ്കുമാർ.സി**
സെക്രട്ടറി ,
ബീം ഫിലിം സൊസൈറ്റി




ലോക വനിതാ ചലച്ചിത്ര മേള സംഘടിപ്പിക്കുമ്പോൾ തീർച്ചയായും ഉൾപ്പെടുത്തേണ്ട ഒരു സിനിമയാണ് , വിശ്വ പ്രസിദ്ധ ജർമ്മൻ സംവിധായിക മാർഗ്രേറ്റ വോൺ ട്രോട്ട സംവിധാനം ചെയ്ത റോസാ ലക്സംബർഗ് . ജർമ്മൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപക നേതാക്കളിൽ ഒരാളും പോളിഷ് - ജർമ്മൻ വിപ്ലവകാരിയുമാണ് റോസാ ലക്സംബെർഗ്.

1871 ൽ റഷ്യൻ അധീനതയിലുള്ള പോളണ്ടിൽ ജനിച്ച് 1919 ൽ ബെർലിനി ൽ ഭരണകൂട ഭീകരതയ്ക്ക് വിധേയയായി തോക്കിനിരയാകുമ്പോൾ 48 വയസ്സു മാത്രമായിരുന്നു ലെനിന്റെ സമകാലികയായിരുന്ന റോസയ്ക്ക്. യൂറോപ്യൻ സോഷ്യലിസ്റ്റുകളെ ഭരിച്ചിരുന്ന പരിഷ്കരണ വാദത്തെ ശക്തമായി എതിർത്തിരുന്ന റോസാ ലക്സംബെർഗ് പാർട്ടിയെപ്പറ്റിയുള്ള ലെനിന്റെ കാഴ്ചപ്പാടിനോടും വിയോജിപ്പ് പ്രകടിപ്പിച്ചിരുന്നു. എങ്കിലും ലെനിൻ പോലും റോസയുടെ പ്രത്യയശാസ്ത്ര ഗ്രന്ഥങ്ങളെ പ്രകീർത്തിച്ചിരുന്നു. ജനങ്ങളുടേയും തൊഴിലാളികളുടേയും ഇടയിൽ നിന്ന് വളർന്നു വരുന്ന നൈസർഗ്ഗികമായ പ്രക്ഷോഭ സമരങ്ങളുടേയും സംഘടനാ രൂപത്തിന്റെയും വക്താവായിരുന്നു അവർ.

വെടി വച്ചു കൊന്ന് ഒരു കനാലിൽ തള്ളിയ റോസയുടെ മുതശരീരം നാലുമാസങ്ങൾക്ക് ശേഷമാണ് കണ്ടെത്തിയതും തിരിച്ചറിഞ്ഞതും. സാമൂഹ്യമാറ്റത്തിനായുള്ള ലോക സമര ചരിത്രത്തിലെ രക്തതാരകമായി രേഖപ്പെടുത്തപ്പെട്ടിട്ടുള്ള റോസാ ലക്സംബെർഗിന്റെ ജീവിത കഥയാണ് പ്രശസ്ത ജർമ്മൻ സംവിധായികയായ മാർഗ്രറ്റ് വോൺ ട്രോട്ട യുടെ അതേ പേരിലുള്ള സിനിമ.

സങ്കീർണ്ണമായ ബൗദ്ധിക നിലപാടുകളും സംഘർഷാത്മക സംഭവങ്ങളും നിറഞ്ഞ ലക്സംബെർഗിന്റെ ജീവിത കഥ ഒരു ചലച്ചിത്ര രൂപത്തിലേക്ക് പകർത്തുക എന്നത് അത്ര എളുപ്പമുള്ള പ്രക്രിയയായിരുന്നില്ല. മാർക്സിസത്തിന്റെ പ്രയോഗ മാതൃകകളെ സംബന്ധിച്ച വ്യത്യസ്ത ചിന്തകൾ തമ്മിലുള്ള ഏറ്റുമുട്ടലിൽ റഷ്യയിൽ വിജയം നേടിയ ലെനിനിസ്റ്റ് മാതൃകയോടും ജർമ്മനിയിൽ പ്രബലമായിരുന്ന

സോഷ്യൽ ഡെമോക്രാറ്റുകളോടും ഒരുപോലെ വിയോജിച്ച റോസയുടെ കഥ അക്കാലത്തെ യൂറോപ്യൻ ഇടതു പക്ഷത്തിന്റെ സമര ചരിത്രം കൂടിയാണ്.

ചെറുപ്രായത്തിൽ തന്നെ പോളിലെ നിരോധിത പ്രോലറ്റേറിയറ്റ് പാർട്ടിയിലൂടെ ഇടതുപക്ഷ പ്രവർത്തകയായി മാറിയ റോസ 1889 ൽ , തന്റെ 18-ാം വയസ്സിൽ സ്വിറ്റ്സർലെൻഡിലേക്ക് വാസം മാറ്റി. സൂറിച്ച് സർവ്വകലാശാലയിൽ നിന്നും Political Economy യിൽ ഡോക്ടറേറ്റ് നേടി. 1898-ൽ സ്വിറ്റ്സർലെൻഡിൽ നിന്നും ജർമ്മനി യിലേക്ക് മാറിയ റോസ ലക്സംബർഗ് സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടിയുടെ പ്രധാന നേതാക്കളിലൊരാളായി മാറി.

1917 ലെ ഒക്ടോബർ വിപ്ലവത്തിന്റെ ഡ്രസ്സ് റിഹേഴ്സൽ എന്ന് ലെനിൻ വിശേഷിപ്പിച്ച, 1905 ലെ റഷ്യൻ വിപ്ലവ കാലത്ത് റഷ്യൻ അധീന പോളിലും ജർമ്മനിയിലുമായി നിരവധി തവണ റോസയ്ക്ക് ജയിൽ വാസമനുഭവിക്കേണ്ടി വന്നിട്ടുണ്ട്.

ഒന്നാം ലോകമഹായുദ്ധം റോസ യുടെ രാഷ്ട്രീയ ജീവിതത്തിലെ നിർണ്ണാ യക വഴിത്തിരിവായിരുന്നു. ജർമ്മൻ ഭരണകൂടത്തിന്റെ യുദ്ധസന്നാഹങ്ങളു മായി സഹകരിക്കാനുള്ള സോഷ്യൽ ഡമോക്രാറ്റിക് പാർടിയുടെ തീരുമാനം, സാർവ്വദേശീയ രാഷ്ട്രീയ ചിന്തയുടെ ഭാഗമായിക്കഴിഞ്ഞിരുന്ന റോസയ്ക്ക് അംഗീകരിക്കാൻ കഴിഞ്ഞില്ല.


പാർട്ടിയിലെ സഹപ്രവർത്തകനായിരുന്ന കാൾ ലീബ്നെച്ചുമായി ചേർന്ന് സ്പാർട്ട ക്കസ് ലീഗ് എന്ന ഒരു യുദ്ധ വിരുദ്ധ പ്രസ്ഥാനത്തിന് രൂപം നൽകി. റഷ്യയിലെ ഒക്ടോബർ വിപ്ളവത്തെത്തുടർന്ന് 1918 ൽ രണ്ടു പേരും ചേർന്ന് ജർമ്മൻ കമ്യൂണിസ്റ്റ് പാർട്ടിക്ക് രൂപം നൽകി. സോഷ്യൽ ഡമോക്രാറ്റുകളുടെ ഭരണ നേതൃത്വത്തിനെ തിരെ ഉയർന്നു വന്ന കലാപത്തെത്തുടർന്ന് ലക്സംബർഗും ലീബ്നെച്ചും അറസ്റ്റു ചെയ്യ പ്പെടുകയും രണ്ടു പേരും ക്രൂരമായി വധിക്കപ്പെടുകയും ചെയ്തു.

R. W. Fasbinder ന്റെ LOLA എന്ന സിനിമ യിലൂടെ പ്രശ്സ്തയായ ബാർബറ സുകോവ യാണ് റോസാ ലക്സംബർഗിന്റെ വേഷം അഭിനയിച്ചത്. ഏകാന്ത നിമിഷ ങ്ങളിലെ റോസയെ അത്ഭുതകരമാം വണ്ണം അവതരി പ്പിച്ചിരിക്കുന്നു സുകോവ.

Red Rossa എന്ന് സുഹൃത്തുക്കളാലും ശത്രുക്കളാലും ഒരുപോലെ വിളിക്കപ്പെട്ടി രുന്ന റോസ്സാ ലക്സംബെർഗ് എന്ന ധീര വിപ്ലവ വനിതയെ എല്ലാക്കാലത്തേയ്ക്കു മായി ലോകത്തിനു പരിചയപ്പെടുത്തുക എന്ന ചരിത്ര നിയോഗമാണ് മാർഗരറ്റ് വോൺ ട്രോട്ടയുടെ ഈ ചിത്രം നിർവ്വഹി ക്കുന്നത്. ●



# വനിതാ സംവിധായികയുടെ സ്ത്രീപക്ഷ സിനിമ - ഒൻപത് മാസങ്ങൾ



**ജോൺ തോമസ്**
ഫിൽക്ക



Dir. Marta Meszaros

Nine Months
Hungary/ 1976 / 94 Mins. /
1977 Cannes Film Festival Fipresci Award/
Dir. Marta Meszaros

ഫിൽക്ക ഫിലിം സൊസൈറ്റി 2025 ഫെബ്രു വരി മാസം ഇരുപ ത്തിയാറാം തീയതി നടത്തിയ ലോക സിനിമയും വനിത കളുടെ ലോകവും എന്ന തലക്കെട്ടിൽ ഉള്ള ഫിലിം ഫെസ്റ്റി വലിൽ അവതരിപ്പിച്ച ചിത്രങ്ങളിൽ ഏറ്റവും ഹൃദ്യമായി തോന്നിയത് വിഖ്യാത ഹംഗേ റിയൻ സംവിധായിക മാർത്തമെസോറാസി ന്റെ 1976 ൽ റിലീസ് ചെയ്യപ്പെട്ട സിനിമ നയൻ മന്ത്സ് ആണ്. സിനിമയിലെ നായികാ കഥാപാത്രം ജൂലി ജോലി തേടി ഒരു വ്യവസായശാലയിൽ എത്തുന്നതാണ് ചിത്രാ രംഭത്തിൽ കാണുന്നത്. അവിടെ വലിയ പൈപ്പുകൾ നിശ്ചിത നീളത്തിൽ മുറിച്ചുമാറ്റുന്ന ജോലിയിലേക്കാണ് അവൾ ആദ്യം നിയോഗിക്കപ്പെടുന്നത്. തുടർന്ന് ആ പൈപ്പുകൾ എടുത്തുമാറ്റുന്ന ജോലിയിലേക്കും. ഭാരമുള്ള പൈപ്പുകൾ എടുത്തു മാറ്റുന്ന ജോലി അവളെ ക്കൊണ്ട് ചെയ്യാൻ കഴിയുമോ എന്ന സംശയം പുരുഷന്മാരായ മേലധികാരികൾ പ്രകടിപ്പിക്കുന്നുണ്ട്. എന്നാൽ ഒരുതരത്തി ലുള്ള വിവേചനവും തന്റെ കാര്യത്തിൽ വേണ്ടെന്ന സൂചന നൽകി അവളാ ജോലി നിർവഹിക്കുന്നു.

ഫാക്ടറിയിലെ ഫോർമാനായ ചെറുപ്പക്കാരൻ ജാൻ അവളുടെ സൗഹൃദം നേടിയെടുക്കാൻ ശ്രമിക്കുന്നു. തുടർന്ന് അയാൾ അവളോട് വിവാഹാഭ്യർത്ഥന നടത്തുന്നു. അയാളു ടെ സൗഹൃദം നിരസിക്കാൻ അവൾ ശ്രമം ന ടത്തുന്നുണ്ടെങ്കിലും ഉള്ളാലെ ജാനെന്ന വ്യക്തിത്വത്തെ അവൾ ഇഷ്ടപ്പെടുന്നു. താൻ പരിചയപ്പെട്ട പെൺകുട്ടിയോട് രണ്ടാം ദിവസം തന്നെ വിവാഹാഭ്യർത്ഥന നടത്തുന്ന പുരുഷന്റെ ഉദ്ദേശശുദ്ധിയെ അവൾ ചോദ്യം ചെയ്യുന്നു.

അവളെപ്പോലെ ഒരാൾ ഭാര്യാ പദവിയിലേക്ക് എത്തുന്നതിനായി പത്ത് വർഷമായി താൻ കാത്തിരിക്കുകയായിരുന്നു എന്ന സ്തുതി വചനങ്ങൾ കൊണ്ട് അയാൾ അവളെ മൂടുന്നു. ഒപ്പമുള്ള ചെറിയ നടത്തങ്ങൾ, റസ്റ്റോറന്റിലെ കണ്ടുമുട്ടലുകൾ, ശാരീരിക ബന്ധങ്ങൾ ഇവയൊക്കെ അവർ തമ്മിൽ തുടരുന്നു. എല്ലാം അവളുടെ ഇഷ്ടത്തോടെ മാത്രം. തദ്ദേശവാസിയായ ജാൻ തന്റെ അമ്മയെ അവൾക്ക് പരിചയപ്പെടുത്തുന്നു. തനിക്കുവേണ്ടി വച്ചുകൊണ്ടിരിക്കുന്ന വീടിനെക്കുറിച്ച്അവളോട് പറയുന്നു.

ഇതിനിടയിൽ ചില ദിവസങ്ങളിൽ തന്റെ നാട്ടിലേക്ക് എന്ന് പറഞ്ഞു പോകുന്ന അവളെ ഒരു പ്രാവശ്യം അവളറിയാതെ പിന്തുടർന്ന്, അയാൾ അവൾക്കൊരു മകനുണ്ടെന്ന യാഥാർത്ഥ്യം തിരിച്ചറിയുന്നു. ആ കൊച്ചു കുട്ടിയെ മഞ്ഞിലൂടെ ഉരുളുന്ന വാഹനത്തിൽ ഇരുത്തി വലിച്ചു കൊണ്ട് നടന്ന് സന്തോഷിപ്പിക്കുന്ന അമ്മ ജൂലിയെ ആണ് അയാൾ ഒളിച്ചു നിന്ന് കാണുന്നത്. ആ അറിവയാൾക്കത്ര സന്തോഷപ്രദമായിരുന്നില്ല. ഒരു ദിവസം അവരിവരും ഒരാൾ മറ്റൊരാളുടെ ജീവിതത്തെക്കുറിച്ച് രഹസ്യമായി കണ്ടെത്തിയ കാര്യങ്ങൾ പരസ്യമാക്കുന്നു. എൻജിനീയറിങ് ബിരുദധാരിയായ അയാളുടെ പങ്കാളി അയാളെ വിട്ടു പോയതാണ്. മക്കളില്ല. ജൂലി സസ്യശാസ്ത്രത്തിൽ ബിരുദ വിദ്യാർത്ഥിനിയാണ്. അവൾക്ക് ആ സർവകലാശാലയിലെ ഒരു

തയുമായി പൊരുത്തപ്പെടാൻ ജാനിന്റെ വീട്ടുകാർക്ക് കഴിയുന്നില്ല. മകനോടൊപ്പം ആവും അയാളും ഒത്തുള്ള ജീവിതത്തിലേക്ക് അവൾ വരിക എന്ന വസ്തുത അയാൾക്കും അംഗീകരിക്കാനാവുമായിരുന്നില്ല. ഇതിനിടയിൽ അവൾ ഗർഭിണിയാണെന്നും അത് ഒരു ആൺകുഞ്ഞാണെന്നും പരിശോധനയിൽ തെളിയുന്നു. ബിരുദം ലഭിക്കുന്നതിന്റെ ഭാഗമായി കോളേജിൽ നടന്ന വാചാ പരീക്ഷ യിൽ നല്ല പ്രകടനം കാഴ്ചവച്ച അവൾ നല്ല നിലയിൽ പരീക്ഷ ജയിക്കുന്നു.

തന്റെ മുൻ ഭർത്താവായ അധ്യാപകനെ അവിടെ വച്ച് കണ്ടതിൽ സന്തോഷിച്ച അവൾ അയാളുടെ ഉച്ചഭക്ഷണത്തിനായുള്ള ക്ഷണം സ്വീകരിക്കുന്നു.



അധ്യാപകനുമായുള്ള ബന്ധത്തിൽ ഒരു മകനുണ്ട്. അവനെ അവളുടെ വീട്ടുകാർ വളർത്തുന്നു. തന്റെ പഠനം മുൻനിർത്തി ആ ബന്ധം അവസാനിപ്പിക്കുവാനും ചെലവുകൾക്ക് വേണ്ടി ജോലിയിൽ ഏർപ്പെടാനും അവൾ നിർബന്ധിതയാവുകയും ചെയ്തു. ജാനിനെ വിവാഹം കഴിക്കാൻ ജൂലി സമ്മതിക്കുന്നു.

എന്നാൽ അവളുടെ മുൻബന്ധത്തിൽ ഒരു മകൻ ഉള്ളവളാണവളെന്ന വസ്തു

തന്റെ ഇപ്പോഴത്തെ പങ്കാളിയായ ജാനിനേയും കൂടി സൽക്കാരത്തിൽ പങ്കാളിയാക്കുവാനുള്ള അവളുടെ ശ്രമം വിജയിക്കുന്നുവെങ്കിലും മൂവരും ഒത്തുള്ള കൂടിക്കാഴ്ച പരാജയപ്പെടുന്നു. അവളുടെ മുൻ പങ്കാളിയുമൊത്ത് സൗഹൃദം പങ്കിടുവാനുള്ള ജാനിന്റെ വൈമുഖ്യമാണ് പ്രധാന തടസ്സമായി തീരുന്നത്. ജാനുമായുള്ള അവളുടെ ബന്ധം വേർപിരിയലിൽ കലാശിക്കുന്നു.



തന്നോടൊത്ത് കഴിയണമെങ്കിൽ അവൾ സ്നേഹിക്കുന്ന മകനെ ഒപ്പം കൂട്ടിക്കൊണ്ടുവരരുതെന്നും അവൾ ജോലിക്ക് പോകരുതെന്നുമുള്ള നിബന്ധനകൾ അവൾക്ക് സ്വീകാര്യമായിരുന്നില്ല. ഗർഭ ചിദ്രത്തെ സംബന്ധിച്ച സൂചനകൾ പോലും വേർപിരിയലിനു മുൻപ് അവർ തമ്മിൽ നടക്കുന്ന സംഭാഷണത്തിൽ ഉയർന്നു വരുന്നുണ്ട്.

ആദ്യ പങ്കാളി കുട്ടിയുടെ പരിപാലനത്തിന് വേണ്ടി അയാളുടെ വിഹിതമായി നൽകുന്ന തുക അവൾ സ്വീകരിക്കുന്നുണ്ട്. പക്ഷേ അയാളോടൊപ്പം പഴയ ബന്ധം തുടരാനുള്ള അഭ്യർത്ഥന അവൾ നിരസിക്കുന്നു. ആദ്യ ഭർത്താവിൻെറ ശുപാർശയിൽ പുതിയ യോഗ്യതയുടെ അടിസ്ഥാനത്തിൽ ഒരു കൃഷി കേന്ദ്രത്തിൽ കൃഷി പരിപാലനത്തിന്റെ ചുമതലക്കാരിയായി അവൾ നിയമിക്കപ്പെടുന്നു. ഒമ്പത് മാസങ്ങൾക്കൊടുവിൽ അവളുടെ വയറ്റിൽ ഉരുവായ കുഞ്ഞ് പുറംലോകത്ത് എത്തുന്നിടത്ത് ചിത്രം അവസാനിക്കുന്നു.

പ്രസവത്തോടനുബന്ധിച്ച് സ്ത്രീ അനുഭവിക്കുന്ന ശാരീരിക ബുദ്ധിമുട്ടുകൾ യാഥാർത്ഥ്യബോധത്തോടെ ചിത്രീകരിച്ചിരിക്കുന്ന ഒരു പ്രസവരംഗമാണ് ഈ സിനിമയിൽ ഉള്ളത്. തന്റെ മനസ്സിന്റെയും ശരീരത്തിന്റെയും മേലുള്ള അധികാരം തനിക്ക് മാത്രമാണെന്നും അതൊരു പുരുഷനും വിട്ടുകൊടുക്കാൻ തയ്യാറല്ലെന്നും പ്രഖ്യാപിക്കുന്ന നായികാ കഥാപാത്രമാണ് ഈ സിനിമയിലേത്. താൻ സ്നേഹിച്ചവരെ അതിരറ്റ് സ്നേഹിക്കുകയും തന്റെ മേൽ അവർ അമിതാധികാരം പ്രയോഗിക്കുന്നുവെന്ന് തോന്നിയപ്പോൾ ആ ബന്ധങ്ങൾ അവസാനിപ്പിച്ച് പോകുകയും ചെയ്യുന്ന ജൂലിയെയാണ് ഈ സ്ത്രീപക്ഷ സിനിമയിൽ കാണുന്നത്. ജൂലിയുടെ ധർമ്മസങ്കടം, അന്യതാബോധം, താൻ സ്നേഹിക്കുന്നവരോടുള്ള അതിരറ്റ സ്നേഹം ഇവയൊക്കെ വെളിവാക്കുന്ന ഫോട്ടോഗ്രാഫി, പ്രത്യേകിച്ച് ക്ലോസപ്പുകൾ ഈ സിനിമയുടെ പ്രത്യേകതയാണ്.

സാധാരണ സ്ത്രീപക്ഷ സിനിമകളെപ്പോലെ ഒരു പുരുഷന്റെ കാഴ്ചപ്പാടിൽ എടുത്ത സ്ത്രീപക്ഷ സിനിമയല്ലിത്. ഡയറിത്രയങ്ങൾ ഉൾപ്പെടെ മികച്ച സിനിമകൾ ലോകത്തിനു സമ്മാനിച്ച മാർത്ത മെസോറാസ് സൃഷ്ടി ച്ചെടുത്ത ഫെമിനിസ്റ്റ് പ്രമേയം ഉൾക്കൊള്ളുന്ന നയൻ മന്ത്സ് ഓർമ്മയിൽ മായാതെ നിലനിൽക്കും. ●



# ദ മെയ്ഡൻ യൂഹോ



**രാജാംബിക എസ്.എസ്**
(ഫിൽക്ക)

ഒരു ചിലിയൻ നാടോടിക്കഥയെ ആസ്പദമാക്കി ചിലിയിൽ നിർമ്മിച്ച , 51 മിനിട്ടുള്ള സിനിമയാണ് മെയിഡൻ യൂഹോ , ദി ലെജൻഡ്.

വ്യത്യസ്ത സ്ഥലങ്ങളിലെ വിഭിന്ന ഗോത്ര വർഗ ജീവിതരീതികൾ വളരെ ഭംഗിയായി അവതരിപ്പിച്ചിട്ടുണ്ട്. അതിൽ ഒരു കുടുംബത്തിലെ കന്യകയായ യൂഹോ ആണ് കഥയിലെ നായിക.

അച്ഛനും അമ്മയ്ക്കും സഹോദരനുമൊപ്പം വളരെ സന്തോഷവതിയായി ഒരു ശലഭം പോലെ അവൾ പാറി പറന്നുല്ലസിച്ചു നടന്നു. ഒരു ദിവസം കടലോരത്ത് അവൾ വിശ്രമിക്കെ ഒരു ആത്മാവ് അവളെ കാണുകയും ആ സ്ഥലത്തു നിന്ന് അവളെ കടത്തിക്കൊണ്ടുപോകാനായി ശ്രമിക്കുകയും ചെയ്തു. അതൊരു ചുവന്ന ആമയുടെ രൂപത്തിൽ വന്ന്, അവൾ കുളിക്കുന്ന സമയത്ത് അഴിച്ചു വച്ച അവളുടെ വസ്ത്രം എടുത്തുകൊണ്ടു പോയി...

വസ്ത്രം കാണാതെ യൂഹോ ബഹളം കൂട്ടിയപ്പോൾ തന്റെ കൂടെ വരാൻ ആമ നിർബന്ധിച്ചു. ആമ അവളെ വഹിച്ചു യാത്ര തുടങ്ങി.

ആമ അവളെ വേറൊരു കരയിലെത്തിച്ചു. യൂഹോ കണ്ണു തുറന്നപ്പോൾ അപരിചിതമായ സ്ഥലമാണ് എന്നു മനസ്സിലാക്കി വല്ലാതെ തളർന്നു. വീട്ടുകാരെ ഓർത്തു കണ്ണീർ വാർത്തു. അവശയായിക്കിടന്ന അവളെ അപരിചിതയായ ഒരു സ്ത്രീ വന്ന് അവരുടെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടു പോയി.

യൂഹോയെ കാണാതായ നിമിഷം മുതൽ അവളുടെ വീട്ടുകാർ അവളെ തിരയുന്നുണ്ടായിരുന്നു. രാത്രി മുഴുവൻ അവർ അലറിക്കരഞ്ഞു കാടും മേടും അവളെ തിരക്കി നടന്നു.....

പരിചയമില്ലാത്ത സ്ഥലം, മനസ്സിലാകാത്ത



ഭാഷ, അപരിചിതരായ ആൾക്കാർ. അവൾ നിസ്സഹായയായി. യൂഹോയുടെ വിഷമസ്ഥിതി മനസ്സിലാക്കിയ അവരുടെ മൂപ്പർ അവളോട് സംസാരിച്ചു.തന്റെ ഭാഷ അയാൾക്ക് എങ്ങനെ അറിയാമെന്നു അവൾ ആശ്ചര്യപ്പെട്ടു. അപ്പോൾ തന്റെ പൂർവ്വിക നായ നാവികർ യൂഹോയുടെ സ്വന്തം നാട്ടിൽ പോയിരുന്നു, അവരുമായി ബന്ധങ്ങൾ ഉണ്ടായിരുന്നുവെന്നും അദ്ദേഹം മരിച്ചപ്പോൾ അതിർത്തിയിൽ ഒരിടത്തു സംസ്കരിച്ചതായും അറിയിച്ചു. മൂപ്പനു മായി സംസാരിച്ചു കഴിഞ്ഞപ്പോൾ വിഷമം കുറഞ്ഞു. അവൾ അവരോടൊപ്പം ചേർന്നു ജീവിക്കാനും തുടങ്ങി.

ആ വീട്ടിലെ മൂത്ത മകന് അവളെ ഇഷ്ടമായി രുന്നു... സന്ദർഭം ഒത്തു കിട്ടിയപ്പോൾ അവർ അവളോട് ഇഷ്ടമറിയിക്കുകയും അവർ പ്രണയബദ്ധരാകുകയും ചെയ്തു. അവൾ ഗർഭംധരിച്ചു. മാസങ്ങൾക്കു ശേഷം അവൾ ഒരു മകന് ജന്മം നൽകി. ആ കുഞ്ഞ് പ്രകൃതിയുടെ ഒരു മുത്തായി വളർന്നു വന്നു...മകനോടും ഭർത്താവിനോടുമൊപ്പം സന്തോഷത്തോടെ ജീവിച്ചുവെങ്കിലും സ്വന്തം വീട്ടുകാരുടെ ഓർമയിൽ അവൾ കണ്ണീരണിയാത്ത ദിവസമില്ല.... അങ്ങനെ അവൾ തീരത്തു നിന്നു ആ ചുവന്ന ആമയെ വിളിച്ചു തന്നെ തിരികെ കൊണ്ടാക്കാൻ അപേക്ഷിച്ചു. ആമ അതു കേട്ടതായി ഭാവിച്ചില്ല... പല രീതിയിൽ വശീകരിച്ച്, തിരി കെയെത്തിക്കാൻ ആമയെക്കൊണ്ട് സമ്മതി പ്പിച്ചു.അവൾ കുറച്ചു പച്ചില മരുന്നുകൾ എടുത്തു അരച്ചു തന്റെ മകന്റെ പുറത്തു പുരട്ടിയവനെ ഒരു പക്ഷിയാക്കി മാറ്റി. ആമ, അവളെ വഹിച്ചു സ്വന്തം നാട്ടിൽ തിരിച്ചെത്തിച്ചു. ബന്ധുക്കളുമായി പുനഃസമാഗമം. പക്ഷിയായി മാറിയ മകനെ അവളുടെ നാട്ടുകാർ തുരത്തിവിട്ടു.... പക്ഷേ അവൾ തന്റെ മുലപ്പാലിൽ മരുന്നു ണ്ടാക്കി ദേഹത്തു പുരട്ടി മന്ത്രം ചൊല്ലി, പക്ഷിയെ നിലത്തിറക്കി . അതിനെ വീണ്ടും മനുഷ്യനാക്കി മാറ്റി....

എല്ലാവരും സന്തോഷത്തോടെ യൂഹോയെയും മകനെയും ചേർത്തണച്ചു....

കാവ്യാത്മക ശൈലിയിൽ ഗോത്രസ്വഭാ വവും കടലും കരയും കോർത്തി ണക്കിയ ഈ ചിത്രത്തിൽ മിത്തിന്റെയും യാഥാർത്ഥ്യത്തിന്റെയും ലയം അതിർരേഖ യില്ലാതെ അവതരിപ്പിച്ചിരിക്കുന്നു



# രുക്മിണി



വിനോദ്കുമാർ. പി
ഫിൽക്ക




**രുക്മിണി**
**(ഇന്ത്യ /96 മിനിട്ട് / 2024 /**
**സംവിധാനം : നിലയ് പ്രശാന്ത് രാജെ)**

നിലയ് പ്രശാന്ത് രാജെ സംവിധാനം ചെയ്ത ഹിന്ദി ചിത്രമാണ് രുഗ്മിണി. വേശ്യാവൃത്തിക്ക് നിർബന്ധിതയായ ഒരു സ്ത്രീ തന്റെ പഴയ ബാല്യകാല സുഹൃത്തുമായി പ്രണയത്തിലാകുന്നതും അത് സ്വാതന്ത്ര്യത്തിനു വേണ്ടി യുള്ള പോരാട്ടത്തിൽ കലാശിക്കുന്നതുമാണ് ചിത്രത്തിന്റെ പ്രമേയം.

ശക്തയും ധീരയുമായ 16 വയസ്സുകാരിയായ രുക്മിണിയെ അവളുടെ അച്ഛൻ ഒരു പോലീസ് ഉദ്യോഗസ്ഥന് വിൽക്കുന്നു. അതോടെ അവൾ വേശ്യാവൃത്തിക്ക് നിർബന്ധിതയാകുന്നു.

പിന്നീട് അവൾ നിർഭയയും എന്നാൽ വളരെ സെൻസിറ്റീവുമായ ഒരു സ്ത്രീയായി തീരുന്നു.

വർഷങ്ങൾക്കു ശേഷം അവളുടെ പഴയ ബാല്യകാല സുഹൃത്തിനെ കാണുകയും അയാളുമായി പ്രണയത്തിലാകുകയും ചെയ്യുന്നു. ഇത് സത്യങ്ങളുടെയും നുണകളുടെയും ത്യാഗങ്ങളുടെയും ഒരു പരമ്പരയിൽ കലാശിക്കുന്നു. പ്രണയത്തിനായി നിങ്ങൾക്ക് എത്ര ദൂരം പോകാനാകും? എന്ന് പ്രേക്ഷകരെ ചിന്തിപ്പിക്കുന്നു.

സ്നേഹൽ ദേശ്മുഖ് ആണ് രുക്മിണി എന്ന കഥാപാത്രത്തെ അവതരിപ്പിച്ചത്.

നിരവധി അന്തർദേശീയ ഫെസ്റ്റിവലുകളിൽ അവാർഡ് കരസ്ഥമാക്കിയ രുക്മിണി ഇപ്പോൾ Lift-off Global network Berlin 2025 ലും നോമിനേറ്റ് ചെയ്യപ്പെട്ടു ●



February Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WORLD CINEMA AND WOMEN'S WORLD FILM FESTIVAL



# ഒൻപത് മാസങ്ങൾ






**ഷീബ. എസ്.ജെയിംസ്**
( ഫിൽക്ക)

ഹംഗേറിയൻ / 1976 / 88 മിനിറ്റ് /
സംവിധാനം — മാർത്ത മെസാറോസ്
അഭിനേതാക്കൾ - ലിലി മോണോറി
ജാൻ നൊവിക്കി.

ഒരു യുവതിയുടെ സ്വാതന്ത്ര്യത്തിനായുള്ള അന്വേഷണത്തെ കുറിച്ച് നേരിട്ടുള്ളതും ആകർഷകവും മാനുഷികവുമായി സങ്കീർണ്ണവുമായ ഒരു വിവരണമാണ് ഈ സിനിമ. സിനിമയുടെ അവസാനം കഥാനായിക - ജൂലിയുടെ പ്രസവം യഥാതഥമായി ചിത്രീകരിച്ചിരിക്കുന്നു. നായികയായി അഭിനയിച്ച നടിയുടെ യഥാർത്ഥ പ്രസവം തന്നെ.

മാർത്ത മെസാറോസിന്റെ സങ്കീർണ്ണമായ വീക്ഷണത്തിൽ, ഒരു ധിക്കാരിയായ സ്ത്രീ തന്റെ സ്വയംഭരണാവകാശം ഉറപ്പിക്കുന്നു. മെസാറോസിന്റെ സഹപ്രവർത്തകയായ ലിലി മോണോറി, ജൂലി എന്ന യുവതിയായി നിർഭയമായ പ്രകടനം കാഴ്ച്ചവയ്ക്കുന്നു.

കാർഷിക എഞ്ചിനീയറിംഗിൽ വിദൂര പഠന വിദ്യാർത്ഥിയായ ജൂലി ഓസ്ഡിലെ ഒരു ഇഷ്ടിക ഫാക്ടറിയിൽ തൊഴിലാളിയായി ജോലിക്ക് പ്രവേശിച്ചു. ഫോർമാൻ ആയ ജാനോസ് ബോഡിനാൽ (ജാൻ നോവോക്കി ) അവളിൽ കണ്ണ് വയ്ക്കുകയും അടുത്ത ദിവസം തന്നെ വിവാഹാഭ്യർഥന നടത്തുകയും ചെയ്യുന്നു. ആദ്യം അവൾ നിരസിക്കുന്നുണ്ടെങ്കിലും പിന്നീട് നിരന്തരം അയാൾ പിന്തുടരുമ്പോൾ അവൾ അയാളുമായി അടുക്കുന്നു. മുൻ കാമുകനിൽ തനിക്ക് ഒരു കുട്ടി ഉണ്ടെന്ന കാര്യം അവൾ അവനോട് മറച്ചുപിടിക്കുന്നു.

ബോഡ്നാർ തന്റെ അന്വേഷണത്തിലൂടെ ആ സത്യം കണ്ടെത്തുന്നു. പക്ഷെ സ്വന്തം ബന്ധുക്കളിൽ നിന്ന് തന്റെ അസ്തിത്വം മറച്ചു വച്ചു ജൂലിയെ വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നു. അതേസമയം ജൂലി തന്റെ കുട്ടിയുടെ പിതാവായ പ്രൊഫസറെ അകറ്റി നിർത്തുന്നുമില്ല. ബോഡ്നാറും പ്രൊഫസറും അവളെ വഞ്ചിക്കുന്നു എന്ന് ആരോപിച്ച് ഏറ്റുമുട്ടുന്നു. താമസിയാതെ ജൂലിക്ക് വേണ്ടി അവർ രമ്യതയിലുമായി.

ജൂലി ഗർഭിണി ആയപ്പോൾ ബോഡ്നാറുടെ വിലക്ക് വക വയ്ക്കാതെ അവൾ കുടുംബത്തോട് എല്ലാം പറയുന്നു. അവളോട് ക്ഷമിക്കാൻ അയാൾ തയ്യാറാവുന്നില്ല... അങ്ങനെ ബോഡ്നാറും ജൂലിയും തമ്മിലുള്ള ബന്ധത്തിൽ ഒരു വിള്ളൽ. .നിർമ്മാണ മേഖലകളിലെ പാനൽ ഇന്റീരിയറുകൾ, ഫാക്ടറി, കാന്റീനുകൾ ഇങ്ങനെ തൊഴിലാളി ലോകത്തിലെ ഇടുങ്ങിയ ഇടങ്ങളിലൂടെ, ഷോട്ടുകൾ ചിത്രീകരിക്കുന്നു.



പുറത്ത് ചിത്രീകരിച്ച രംഗങ്ങളിൽ ഫാക്ടറികളുടെ ചിമ്മിനികൾ നിരന്തരം പുകയുന്നു. ജാനോസിന്റെ അഭിലാഷമാണ് ഒരു സ്വന്തം വീട് . പ്രദേശത്ത് അയാൾ സ്വന്തം വീട് പണിയുകയാണ്. ഒരുമിച്ചുള്ള ജീവിതത്തിനായി. അതേ സമയം യൂണിവേഴ്സിറ്റി ബിരുദത്തിന് ശേഷം ഓസ്ഡ് വിടാൻ അവൾ ആഗ്രഹിക്കുന്നു. എന്നാൽ നിരന്തരം പിന്തുടരുകയാണ് ജാനോസ് .


ലിലി മൊണോറി , ജൂലി എന്ന ശക്തമായ സ്ത്രീ കഥാപാത്രമായി നിർഭയമായ പ്രകടനമാണ് സിനിമയിൽ കാഴ്ച്ച വയ്ക്കുന്നത്.ജ്വലിക്കുന്ന ചൂളയുടെ ചിത്രത്തിൽ തുടങ്ങി ഒരു പൂർണ്ണമായ ജനന ക്രമത്തിൽ അവസാനിക്കുന്ന ഒൻപതു മാസങ്ങൾ സ്ത്രീയവസ്ഥയെ നിർണ്ണയിക്കുന്നു. സിനിമയിൽ പ്രണയരംഗത്തോടൊപ്പം തുടർച്ചയായ ക്ലോസപ്പ് ,അടുപ്പമുള്ളതും പെൺകുട്ടിയുടെ ശാരീരിക ആവശ്യങ്ങൾ നേരിട്ട് ആശയവിനിമയം നടത്തുന്നതുമെന്ന് തോന്നിപ്പിക്കുന്നതുമാണ്. വടക്കൻ ഹംഗറിയിലെ വ്യവസായ ഭൂപ്രകൃതിയോടുള്ള വികാരത്തിലും നദിയും കഥാപാത്രവും തമ്മിലുള്ള അതിരുകൾ സമൂലമായി ഇല്ലാതാക്കുന്ന, അതിശയിപ്പിക്കുന്ന അവസാന ദൃശ്യം... ഒരു ഡോക്യുമെന്ററിക്കാരി എന്ന നിലയിൽ മാർത്ത മെസാറോസിന്റെ പശ്ചാത്തലം വ്യക്തമാണ്. മാർത്ത സംവിധാനം ചെയ്ത ആദ്യത്തെ കളർ ചിത്രമാണ് നയൻ മന്ത്സ്. സ്ത്രീ ലോകത്തിന്റെ ഒറ്റപ്പെടൽ പകർത്തുന്നതിൽ മാർത്ത എത്രത്തോളം മിടുക്കിയാണെന്ന് ഒരിക്കൽ കൂടി ഈ ചിത്രത്തിലൂടെ തെളിയിച്ചു.

മാർത്തയുടെ സിനിമകളിലെ ഏറ്റവും വലിയ ഘടകങ്ങളിൽ ഒന്നാണ് സംഗീതം. അതും നല്ല രീതിയിൽ ആസ്വദിക്കാൻ സിനിമയിൽ കഴിയുന്നു. 1975 - ലെ ബെർലിൻ ചലച്ചിത്ര മേളയിൽ മികച്ച സമ്മാനമായ ഗോൾഡൻ ബയർ നേടിയ ആദ്യ വനിതാ സംവിധായികയാണ് മാർത്ത . 1977 - ലെ കാൻ ചലച്ചിത്ര മേളയിൽ ഫി പ്രെസ്കി പ്രൈസ് (1976) നേടിയ ചിത്രമാണ്,ഒൻപത് മാസങ്ങൾ




(പ്രതികരണം)

# ആത്മീയാന്വേഷണത്തിന്റെ ചലച്ചിത്ര ഭാഷ്യം





ജോൺ തോമസ്
ഫിൽക്ക

മലയാള സിനിമയിൽ ആത്മീയാന്വേഷണത്തിന്റെ സരണിയിലൂടെ സഞ്ചരിച്ച സിനിമകളുടെ സംവിധായകൻ അരവിന്ദന്റെ നാല് ചിത്രങ്ങളുടെ പ്രദർശനമാണ് ഫിൽക്ക ഫിലിം സൊസൈറ്റി 2025 ജനുവരി മാസത്തെ പരിപാടിയായി 2025 ജനുവരി 26 -)o തീയതി നടത്തിയത്.

ഒരു. സിനിമാ സംവിധായകന്റെ സിനിമയെ സംബന്ധിച്ച വ്യവസ്ഥാപിത ധാരണ തിരുത്തിക്കുറിച്ചുകൊ് തൻെറ മനസ്സിനുള്ളിലെ ഉത്തുംഗമായ സൗന്ദര്യഭാവത്തെയും ആത്മീയ ഭാവത്തെയും തന്റെ കലാസൃഷ്ടികളിലേക്കു സന്നിവേശിപ്പിക്കാൻ കഴിയുമെന്ന് തെളിയിച്ച അതുല്യ കലാകാരനാണ് അരവിന്ദൻ. ഉത്തരായണം, കാഞ്ചന സീത എന്നീ ചിത്രങ്ങൾ ഉച്ചയ്ക്ക് മുൻപേയും തമ്പ്, എസ്തപ്പാൻ എന്നീ ചിത്രങ്ങൾ ഉച്ചയ്ക്ക് ശേഷവുമാണ് പ്രദർശിപ്പിച്ചത്.

വിശിഷ്ടാതിഥികളുടെ സൗകര്യം കൂടി കണക്കിലെടുത്ത് ഉദ്ഘാടന ചടങ്ങ് ഉച്ചയ്ക്കുശേഷമായിരുന്നു. അരവിന്ദന്റെ സഹോദരൻ ജി. മോഹൻ, ഉത്തരായണമെന്ന ചിത്രത്തിൽ പ്രധാന കഥാപാത്രത്തെ അവതരിപ്പിച്ച ഡോ.മോഹൻദാസ്, നിർമ്മാതാവും സംസ്ഥാന ഫിലിംചേമ്പർ വൈസ് പ്രസിഡുമായ കല്ലിയൂർ ശശി എന്നിവരായിരുന്നു അതിഥികൾ. ഇവരെ ഓരോരുത്തരെയും സദസ്സിനു മുൻപിൽ അവതരിപ്പിച്ചതും സദസ്സിനെ അഭിസംബോധന ചെയ്തു സംസാരിക്കുവാനായി ക്ഷണിച്ചതും യോഗാധ്യക്ഷൻ ആയി വർത്തിച്ച ഫിൽക്ക പ്രസിഡൻറ് ഡോക്ടർ ബി. രാധാകൃഷ്ണൻ ആയിരുന്നു. ഫിൽക്ക പ്രസിഡൻറിന്റെ സഹപാഠി കൂടിയായിരുന്ന ഡോക്ടർ മോഹൻദാസ് താനെ പ്രകാരമാണ് ഉത്തരായണമെന്ന് സിനിമയിൽ അഭിനയിക്കാൻ ക്ഷണിക്കപ്പെട്ടതെന്ന് കാര്യം സദസ്സിനു മുൻപാകെ വിശദീകരിച്ചു. സിനിമയിൽ യാതൊരു മുൻപരിചയവും ഇല്ലാതെ കോഴിക്കോട് മെഡിക്കൽ കോളേജിലെ ട്യൂട്ടർ ജോലി ചെയ്തിരുന്ന



February Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WORLD CINEMA AND WOMEN'S WORLD FILM FESTIVAL





തന്നെ കോഴിക്കോട്ട് നടന്ന ഒരു ഇന്റർ-മെഡിക്കൽ കോളജ് കലോത്സവത്തിൽ വച്ച് പട്ടത്തുവിള കരുണാകരനും അരവിന്ദനും ഷാജിയും ചേർന്ന് കണ്ടെത്തിയതിനെ കുറിച്ച് ഡോ. മോഹൻദാസ് വിവരിച്ചു. താടിയും മുടിയും വളർത്തിയിരുന്ന യുവാവായ തന്നെ ഉത്തരായണത്തിലെ രവി എന്ന കഥാപാത്രത്തെ അവതരിപ്പിക്കാൻ വേി രൂപപ്പെടുത്തിയെടുത്തതിനെയും തുടർന്ന് ആ സിനിമയുടെ ചിത്രീകരണം കോഴിക്കോട് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ വച്ച് നടന്നതിന്റെയും ചരിത്രം മോഹൻദാസ് വിവരിച്ചു. സ്വാതന്ത്ര്യ സമര സേനാനിയും ഗാന്ധിയനുമായ കേളപ്പന്റെ പ്രതീകമാണ് സിനിമയ്ക്കു വേണ്ടി തിക്കോടിയൻ തയ്യാറാക്കിയ തിരക്കഥയിലെ മുതിർന്ന കഥാപാത്രം മാധവമേനോൻ. ഗാന്ധിയനായ അദ്ദേഹത്തിൽ നിന്നും വ്യത്യസ്തനായി സോഷ്യലിസ്റ്റ് നിലപാട് സ്വീകരിച്ച മകൻ കുഞ്ഞിരാമക്കിടാവിന്റെ പ്രതീകമാണ് രവിയുടെ അച്ഛൻ എന്നും അദ്ദേഹം പറഞ്ഞു. മൂങ്ങകൾ വർഗ്ഗ ശത്രുക്കളായ കാക്കകൾക്കെതിരെ ആക്രമണം ആരംഭിച്ചു കഴിഞ്ഞുവെന്നും ഇങ്ങനെ ഒരു രാത്രിയിലാണ് അശ്വത്ഥാമാവിന് ഒളിപ്പോരിന്റെ തന്ത്രം പിടികിട്ടിയതെന്നും കുമാരൻ മാസ്റ്റർ പറയുന്ന വാക്കുകൾ ഈ സിനിമയുടെ മർമ്മ വാക്യങ്ങൾ ആയി ഡോ.മോഹൻദാസ് ഉദ്ധരിച്ചു.

ഹാൻഡ് പാൻ എന്ന ഡ്രമ്മിന് സമമായ താളവാദ്യത്തിൽ തന്റെ പ്രാഗൽഭ്യം തെളിയിച്ചു കൊണ്ടിരിക്കുന്ന അരവിന്ദന്റെ സഹോദരൻ മോഹൻ ബാംഗ്ലൂരിൽ നിന്നുമാണ് ഈ ചടങ്ങിൽ പങ്കെടുക്കുവാൻ എത്തിച്ചേർന്നത്. പ്രായത്തിൽ ഏറെ മൂത്ത ജ്യേഷ്ഠൻ അരവിന്ദനും താനും തമ്മിലുള്ള ബന്ധത്തെ വികാരവായ്പ്പോടെ സ്മരിച്ച അദ്ദേഹം അരവിന്ദനു പ്രിയപ്പെട്ട രബീന്ദ്ര ഗാനത്തിന്റെ രണ്ടു വരികൾ ആലപിക്കുന്നതിനും മറന്നില്ല. സാബു ശങ്കറുമായുള്ള നാൽപ്പത് വർഷത്തെ സുഹൃദ് ബന്ധവും പരാമർശിച്ചു.

നിർമ്മാതാവും സംസ്ഥാന ഫിലിം ചേംബറിന്റെ വൈസ് പ്രസിഡുമായ കല്ലിയൂർ ശശി ചടങ്ങിന് ആശംസ നേർന്നു. താൻ ആദ്യം മികച്ച കലാസിനിമ നിർമ്മിക്കാനാണ് ശ്രമിച്ചതെന്നും സാഹചര്യം പ്രതികൂലമായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു. ഫിൽക്ക സെക്രട്ടറി സാബു ശങ്കറിന്റെ സാന്നിധ്യവും വേദിയിൽ ഉായിരുന്നു. 1979 - ൽ എസ്തപ്പാൻ സിനിമയുടെ ചിത്രീകരണവും രാജൻ കാക്കനാടൻ , അരവിന്ദൻ എന്നിവരുമായുള്ള ബന്ധവും അരവിന്ദന്റെ കൂടെ പ്രവർത്തിച്ച അനുഭവവും പങ്ക് വെച്ചു. ജനുവരി മാസത്തെ ക്വിസ് മത്സര വിജയികൾക്കുള്ള ക്യാഷ് പ്രൈസ് ഉൾപ്പെടെയുള്ള സമ്മാനങ്ങളും യോഗത്തിൽ വിതരണം ചെയ്യപ്പെട്ടു. ഫിൽക്ക ജോയിന്റ് സെക്രട്ടറി ഗിരിജാ സുരേന്ദ്രൻ നന്ദി പ്രകാശിപ്പിച്ചു.


1973 ൽ പുറത്തിറങ്ങിയ അരവിന്ദന്റെ ആദ്യ ചിത്രമായ ഉത്തരായണത്തിന്റെ പ്രദർശനത്തോടുകൂടിയാണ് ചലച്ചിത്രമേള ആരംഭിച്ചത്. തികഞ്ഞ ഗാന്ധിയനായ മാധവ മേനോൻ, ഭഗത് സിംഗിനെ വീരപുരുഷനായി കാണുകയും വേണ്ടി വന്നാൽ ഹിംസാ മാർഗ്ഗം ഉപയോഗിച്ചും വൈദേശി

കാധിപത്യത്തിൽ നിന്നും നാടിനെ മോചി തമാക്കണം എന്ന് വിശ്വസിക്കുന്ന മാധവ മേനോന്റെ മകളുടെ ഭർത്താവ്, സ്വാതന്ത്ര്യാ നന്തര ഭാരതത്തിൽ ജനിച്ച്, മൂല്യച്യുതി വന്ന നാടിനെ ദർശിച്ച് അന്യതാബോധത്തിൽ കഴിയുന്ന മൂന്നാം തലമുറയിൽ പെട്ട ബിരുദാനന്തര ബിരുദധാരിയായ നായക കഥാപാത്രം രവി എന്നിവരാണ് ഈ സിനിമ യിലെ മൂന്നു കാലഘട്ടങ്ങളെയും ചിന്താധാ രകളെയും പ്രതിനിധാനം ചെയ്യുന്ന കഥാപാത്രങ്ങൾ. മാതൃഭൂമി വാരികയിൽ വന്നിരുന്ന അരവിന്ദന്റെ ചെറിയ മനുഷ്യരും വലിയ ലോകവും എന്ന കാർട്ടൂൺ പരമ്പരയെ അനുസ്മരിപ്പിക്കുന്ന രംഗങ്ങ ളും കഥാപാത്രങ്ങളെയും ഈ സിനിമ യിൽ കാണാൻ കഴിയും. വാക്കും പ്രവർത്തിയും തമ്മിലുള്ള പൊരുത്തക്കേട്, അമിതമായ



ഉൽക്കർഷേച്ഛ, അസംതൃപ്തി ഇവയൊ ക്കെയാണ് നായകനായ രവി തന്റെ ചുറ്റും കാണുന്നത്. അവയ്ക്കെതിരെ പട പൊരുതാൻ ഉള്ള കഴിവ് നഷ്ടപ്പെട്ട അയാൾ തന്റെ മാനസ ഗുരുവായ കുമാരൻ മാസ്റ്റർ അയാൾക്ക് നൽകുന്ന പൊയ് മുഖം (മാസ്ക്) ഉപയോഗിച്ച് സമൂഹത്തെയും തന്റെ തന്നെ ബന്ധങ്ങ ളെയും കാണുന്ന തരത്തിൽ ആയിപ്പോയി അയാളുടെ ജീവിതം. അവസാനം കാടുകയ റുന്ന രവി, തന്റെ ഇത്തിരി വട്ടത്തിലുള്ള ജീവിതത്തിൽ സംതൃപ്തി കണ്ടെത്തി തീ കാഞ്ഞുകൊണ്ടിരിക്കുന്ന വനവാസിയായ ഒരു വൃദ്ധ സ്ത്രീയുടെ മുന്നിലെ അഗ്നി കുണ്ഡത്തിലേക്ക് തന്റെ കയ്യിലിരുന്ന പൊയ് മുഖം ഇട്ട് നശിപ്പിക്കുമ്പോൾ മുഖത്ത് മെല്ലെ മെല്ലെ വിരിഞ്ഞു വരുന്ന ഒരു ചിരിയോടുകൂടി ചിത്രം അവസാ നിക്കുന്നു. ചിത്രാന്ത്യം എത്തരത്തിൽ ആണെന്ന നിഗമനത്തിലെത്താൻ ഉള്ള അവകാശം പ്രേക്ഷകന് വിട്ടു തന്നിരിക്കുന്നു എന്ന് അനുമാനിക്കേണ്ടി യിരിക്കുന്നു. ഉത്തരം കണ്ടെത്തുന്നതിലല്ല ചോദ്യം ചോദിക്കുന്നതിനുള്ള കരുത്ത് നേടുന്ന താണ് പ്രധാനമെന്ന് കുമാരൻ മാസ്റ്റർ രവിയെ ഓർമ്മിപ്പിക്കുന്നുണ്ട്. ജീവിതത്തെ നേരിടുന്നതിൽ പരാങ്മുഖത കാട്ടിയ രവി വനത്തിൽ നിന്നും തിരിച്ചെത്തുന്നത് വനത്തിൽ നിന്നും വനവാസിയിൽ നിന്നും നേടിയെടുത്ത ആത്മീയമായ അറിവിലൂടെ മുഖംമൂടി ഇല്ലാതെ തന്നെ പ്രശ്നങ്ങളെ സമീപിക്കുവാനും തന്റെ കടമകൾ നിർവഹിക്കുവാനും ഉള്ള കരുത്തോടു കൂടിയുമാണെന്ന് ചിന്തിക്കാനാണ് എനിക്കിഷ്ടം.

സ്വാതന്ത്ര്യത്തിനുവേണ്ടി ജീവൻ ഹോമിച്ച തന്റെ അച്ഛനോട് തനിക്ക് കടപ്പാടുണ്ടെന്ന് രവി ചിത്രത്തിൽ ഒരിടത്ത് പറയുന്നുമുണ്ട്. മലയാളി പ്രേക്ഷകർക്ക് ചിരപരിചിതരായ വരും ജന മനസ്സിൽ പതിഞ്ഞവരുമായ നടന്മാരെ ആരെയും നായകനാക്കാതെ തന്റെ കഥാപാത്രത്തിന് അനുയോജ്യ നായ വ്യക്തിയെ തെരഞ്ഞു കണ്ടെത്തി അവതരിപ്പിച്ച അരവിന്ദനെ എത്ര അഭിന ന്ദിച്ചാലും അധികമാവില്ല. മലയാളത്തിൽ പൊളിറ്റിക്കൽ കണ്ടെന്റ് എന്ന് പറയാവുന്ന ഒരു പ്രമേയം ഗൗരവമായി കൈകാര്യം ചെയ്ത ആദ്യത്തെ സിനിമകളിൽ ഒന്നാണ് ഉത്തരായണമെന്ന് നിസംശയം പറയാൻ കഴിയും.





വന്യമായ ഭൂപ്രകൃതി മനുഷ്യനെ ആത്മീയമായി ഉണർത്തുകയും തിരിച്ച റിവിന്റേതായ വരദാനം നൽകുകയും ചെയ്യുന്ന പ്രമേയമടങ്ങുന്ന ചിത്രമാണ് രണ്ടാമത് അവതരിപ്പിച്ച കാഞ്ചന സീത. ഇതിലെ നായക കഥാപാത്രം ശ്രീരാമൻ എപ്പോഴൊക്കെ ശരിയായ മാർഗ്ഗത്തിൽ നിന്നും വ്യതിചലിക്കുന്നുണ്ടോ, തന്റെ നിലപാടുകളിൽ പ്രകൃതിവിരുദ്ധമായത് അവലംബിക്കുന്നുണ്ടോ അപ്പോഴൊക്കെ തന്നെ പ്രകൃതി ഇടപെട്ട് അദ്ദഹത്തിന് ആത്മീയമായ തിരിച്ചറിവ് പകരുകയും തിരുത്തുകയും ചെയ്യുന്ന ദൃശ്യം നമുക്ക് ഈ സിനിമയിൽ കാണാൻ കഴിയും. തപസ്സു ചെയ്യുന്ന ശംഭൂകനെ അയാളുടെ ഭാര്യയുടെ യാചന കണക്കിലെടുക്കാതെ കൊല്ലുന്ന രംഗം, ജനാഭിപ്രായത്തെ ഭയന്ന് സീതയെ ഉപേക്ഷിക്കാൻ നിർബന്ധിതനായ രാമന്റെ നിലപാട്, തൻെറ മേൽക്കോയ്മ സ്ഥാപിക്കാൻ വേണ്ടി മരങ്ങൾ മുറിച്ചും കുതിരയെ ശ്വാസം മുട്ടിച്ചു കൊന്നും യാഗം നടത്തുന്ന രാമൻ. ഈ രാമനെ വാക്കുകൾ കൊണ്ട് നേരിടാൻ തന്റേടം കാട്ടുന്നത് ലക്ഷ്മണ പത്നി ഊർമ്മിളയാണ്. രാമനെ തിരുത്തുന്നതാവട്ടെ പ്രകൃതിയായി മാറിയ സീതയും. അവസാനം തന്റെ കുട്ടികളെ തിരിച്ചറിഞ്ഞ് അയാൾ ചേർത്ത് പിടിക്കുന്നു. തുടർന്ന് പ്രായശ്ചിത്തം എന്ന വണ്ണം സീതയുടെ കാഞ്ചന പ്രതിമയുമായി സരയൂ നദിയിൽ ഇറങ്ങി നടന്നുനടന്ന് വിലയം പ്രാപിക്കുന്നു.

സി.എൻ.ശ്രീകണ്ഠൻ നായരുടെ ഇതേ പേ രിലുള്ള നാടകത്തിനെ ആസ്പദമാക്കിയാ ണ് സീതയെന്നിന്റെ ഓർമ്മ യ്ക്ക് മുന്നിൽ സമർപ്പിക്കപ്പെട്ട ഈ ചിത്രം നിർമ്മിച്ചി രിക്കുന്നത്. തങ്ങൾ ഇക്ഷ്വാകു വംശത്തിൽ പ്പെട്ടവരാണെന്ന് വിശ്വസിക്കുന്ന ആന്ധ്രപ്ര ദേശിലെ വിജയവാഡയ്ക്കടുത്തുള്ള ഗോദാ



വരി തീരത്തെ വനവാസി സമൂഹത്തിൽ നിന്നും രാമനെയും ലക്ഷ്മണനെയും ഊർമ്മിളയേയും ഒക്കെ തെരഞ്ഞെടുത്ത് ഒരു ട്രൈബൽ ലെജന്റായി കാഞ്ചനസീത അവതരിപ്പിക്കാൻ അരവിന്ദൻ നടത്തിയ ശ്രമത്തെ അത്ഭുതാദരങ്ങളോടെ വീക്ഷി ക്കുവാനെ ഇന്ന് കഴിയുന്നുള്ളൂ .ഇതൊരു പ്രത്യേക കാലഘട്ടത്തിൽ പിറന്ന പീരിയിഡ് പിക്ചർ ആണെന്ന് ഈ സിനിമയുടെ അതിമനോഹരമായ ഛായാഗ്രഹണം നിർവഹിച്ച ഷാജി. എൻ.കരുൺ സൂചിപ്പിച്ചത് ഓർക്കുന്നു. നാല് അരവിന്ദൻ ചിത്രങ്ങൾ ഒരുമിച്ച് വീണ്ടും ഒരിക്കൽ കൂടി കപ്പോൾ ഏറ്റവും ശ്രദ്ധേയമായി തോന്നിയത് ശ്രീധരൻ ചമ്പാടിന്റെ

കഥയെ ആസ്പദമാക്കി അരവിന്ദൻ നിർമ്മിച്ച തമ്പാണ്. സർക്കസ് കൂടാരത്തിലെ കലാകാരന്മാരുടെ ദൈന്യത നിറഞ്ഞ ജീവിതത്തിന്റെ നേർക്കാഴ്ചയാണ് ഈ ചിത്രം. അതോടൊപ്പം തമ്പ് ഒരു പ്രതീകമാണ്. ഒരു സ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേക്കുള്ള പ്രയാണത്തെ സൂചിപ്പിക്കുന്നു. നിലനിൽക്കാനുള്ള വരുമാനം കുറയുന്നു എന്ന് കാൽ അടുത്ത മേച്ചിൽ പുറം തേടിയുള്ള യാത്ര. ഈ സിനിമയിൽ ഇടവിട്ട് ഉപയോഗിച്ചിട്ടുള്ള ബസ്, നദി, വള്ളം,കടവ് എന്നിവയും തമ്പിനെപ്പോലെ ചലനാത്മകതയുടെയും അസ്ഥിരതയുടെയും പ്രതീകമാണ്. ഇത്രയധികം റിയാക്ഷൻ ഷോട്ട്സ് മലയാളത്തിൽ ഒരു സിനിമയിലും കാണാൻ കഴിയില്ല. അവ എല്ലാം തന്നെയും അർത്ഥവത്തായി തീരുന്നു. സർക്കസ്



കലാകാരന്മാരുടെയും നടത്തിപ്പുകാരുടെയും മുഖത്തെ നിർവികാരത, നാട്ടുകാരിയായ പെൺകുട്ടിയുടെ ജീവിതത്തിലേക്ക് കടന്നുവന്ന പമ്പ് ഓപ്പറേറ്റർ വന്നതുപോലെതന്നെ കടന്നു പോകുന്ന കാഴ്ച തുടങ്ങിയവ പ്രത്യക്ഷത്തിൽ കാണുന്നതിനേക്കാൾ അർത്ഥം ധ്വനിപ്പിക്കാൻ കഴിവുള്ളവ ആണ്.

സുഖസമൃദ്ധമായമലേഷ്യൻ ജീവിതത്തിൻെറ ഹാങ്ങോവറിൽ കഴിയുന്ന നാട്ടിലെ പുതുപണക്കാരനായ ബി.ഡി. മേനോൻ എന്ന കഥാപാത്രം അരവിന്ദന്റെ ചെറിയ മനുഷ്യരും വലിയ ലോകവും എന്ന കാർട്ടൂൺ പരമ്പരയിലെ കഥാപാത്രത്തെ അനുസ്മരിപ്പിക്കുന്നു. അയാളുടെ നില പാടുകൾക്ക് നിശബ്ദമായി കൂട്ടുനിൽക്കുന്ന ഭാര്യയും മകളും. നെടുമുടി വേണു അവതരിപ്പിക്കുന്ന നിഷേധിയായ മകനാകട്ടെ തന്റെ സമയം ആൽത്തറയിലും ഇടയ്ക്കാ കലാകാരനോടൊപ്പവും ചെലവഴിക്കാൻ താൽപര്യം കാട്ടുന്നു.

ലോറി ഡ്രൈവർക്ക് ശരീരം കാഴ്ചവെക്കുന്ന സ്ത്രീ പോലും ശാശ്വതമായ ഒരു ബന്ധം അതിൽ കാണുന്നില്ല. അവസാനം സർക്കസ് കാണാൻ ആളില്ലാതെ ഒഴിഞ്ഞ തമ്പ് . അതേ ജനം പുതുമ നഷ്ടപ്പെട്ട തമ്പിനെ ഉപേക്ഷിച്ച് തൊട്ടടുത്ത പുതുതായി തുടങ്ങിയ ഉത്സവ സ്ഥലത്ത് കൂട്ടം കൂടുന്നതും നാം കാണുന്നു. പുതിയ ലോറി ഡ്രൈവറെയും പുതിയ പമ്പ് ഓപ്പറേറ്ററേയും കഥാപാത്രങ്ങളോടൊപ്പം നാമും ദർശിക്കുന്നു . ആൽച്ചുവട്ടിൽ, ഉണ്ണിക്ക് ഇടയ്ക്ക പഠിക്കണോ?എന്ന് ചോദിച്ചു തന്നെ കാത്തിരിക്കുന്ന ആ വലിയ കലാകാരൻ ഇരുന്ന സ്ഥലം ശൂന്യമാകുന്നത് ഉണ്ണി തിരിച്ചറിയുന്നു. പറക്കുന്ന ദേശാടനക്കിളികളെ ചിത്രത്തിൽ കാണിക്കുന്നു. ലോറിയിലിരുന്ന് ടാറ്റാ പറഞ്ഞു പുതിയ സ്ഥലത്തേക്ക് പോകുന്ന






സർക്കസുകാരെയാണ് നമ്മൾ അവസാന മായി ചിത്രത്തിൽ കാണുന്നത്. എല്ലാം മാറ്റത്തിന് വിധേയമാണെന്ന് വലിയ സത്യം നമുക്ക് ബോധ്യമാക്കിത്തരുന്ന സിനിമ.

അന്യതാബോധം അനുഭവിക്കുന്ന ഉണ്ണി സർക്കസുകാരോടൊപ്പം വണ്ടിയിൽ കയറി പോകുന്ന കാഴ്ചയോടുകൂടി ചിത്രം അവസാനിക്കുന്നു . നാല് ചിത്ര ങ്ങളിൽ ഏറ്റവും അവസാനമായി അവതരിപ്പിക്കപ്പെട്ടത് എസ്തപ്പാനാണ്. ക്രിസ്തു, അരവിന്ദന്റെ ദൃഷ്ടിയിലൂടെ അവതരിപ്പിക്കപ്പെട്ടതായി അനുഭവപ്പെട്ടു. എസ്തപ്പാൻ ഓരോരുത്തർക്കും അവരുടെ കാഴ്ചപ്പാട് അനുസരിച്ച് നല്ലവനും മോശപ്പെട്ടവനും സഹായിയും അവതാര പുരുഷനും അത്ഭുതങ്ങൾ കാട്ടുന്നവനും ഒക്കെയായി അനുഭ വപ്പെടുന്നു. ഓരോരുത്തരും അവരവ രുടെ കാഴ്ചപ്പാടിലുള്ള എസ്തപ്പാനെ അവതരിപ്പിക്കുന്നത് കപ്പോൾ അരവിന്ദൻ തനിക്ക് ഏറ്റം പ്രിയപ്പെട്ട ചിത്രം ജാപ്പനീസ് സംവിധായകൻ അകിരാ കുറസോവയുടെ റാഷോമൻ ആണെന്ന് ഒരു അഭിമുഖത്തിൽ പറഞ്ഞതോർമ്മ വന്നു. ഒരു കൊല പാതക ത്തെ നാലുപേർ നാലു തരത്തിൽ അവതരിപ്പിച്ച റാഷമോണിനെ അനുസ്മ രിപ്പിച്ചു എസ്തപ്പാനിലെ ആൾക്കാരുടെ പ്രതികരണങ്ങൾ. പോലീസുകാരനും നാട്ടിലെ പ്രമാണിക്കും ഒക്കെ എസ്ത പ്പാനൊരു തട്ടിപ്പുകാരനും ശല്യവും ആയി രുന്നെങ്കിൽ ദുഃഖിതർക്കും കടലിൽ പോകുന്നവർക്കും കുട്ടികൾക്കും ഒക്കെ അയാൾ ഒരു സഹായിയും വീര പുരുഷ നും അത്ഭുതങ്ങൾ കാട്ടുന്നവനും ഒക്കെയായി അനുഭവപ്പെട്ടു.

ചിത്രാവസാനം ഒരു സമ്പന്ന കുടും ബത്തിലെ കുട്ടിയെ രക്ഷിക്കുന്നതും ആ കുടുംബത്തിൻെറ സൽക്കാരത്തിൽ പങ്കെടുത്ത് മദ്യം മുഴുവൻ കുടിച്ചു തീർക്കുന്നതും കുടുംബാംഗങ്ങളുടെ ബോട്ട് യാത്രയും അനുചിതമായി അനുഭവപ്പെട്ടു .

അരവിന്ദൻ ചിത്രങ്ങളിലെ സംഗീതത്തെ കുറിച്ച് കൂടി സൂചിപ്പിച്ചുകൊണ്ട് ഈ ലേഖനം അവസാനിപ്പിക്കാം. മലയാളത്തിൽ മനോഹരമായ സംഗീതം നമുക്ക് കേൾക്കാൻ കഴിയുക അരവിന്ദന്റെ സിനിമകളിലാണ്. ഉത്തരായണത്തിൽ ഗീതാഗോവിന്ദത്തിൽ നിന്നുമുള്ള വരികൾ ബ്രഹ്മാ നന്ദന്റെ ശബ്ദത്തിൽ കേൾക്കുന്ന രംഗത്തിന്റെ ചിത്രീകരണം അതീവ ഹൃദ്യം. തമ്പ് എന്ന ചിത്രത്തിൽ പശ്ചാത്തല ശബ്ദത്തിന്റെ അകമ്പടിയില്ലാതെ കാനക പ്പെണ്ണ് ചെമ്പരത്തി എന്നു തുടങ്ങുന്ന





ഉഷാരവി പാടുന്ന പാട്ടിലൂടെ കതിവന്നൂർ വീരനെ സ്വപ്നം കാണുന്നത് സർക്കസ് കലാകാരിയായ പെൺകുട്ടി അവതരിപ്പിച്ച ഗാനം മനസ്സിൽ സ്പർശിക്കാതെ പോവില്ല . അതേ ചിത്രത്തിൽ ശ്രീപാൽ കടലിൽ പള്ളി കൊള്ളും നാവാമുകുന്ദാ എന്ന പാട്ട് ,ഘന സംഘത്തിലെ സോപാന മട്ടിലുള്ള വരികൾ, പുള്ളുവൻ പാട്ട് എന്നിവയുടെ ചിത്രീകരണവും അതി മനോഹരമാണ്. കാവാലം നാരായണപ്പണിക്കരും എം.ജി. രാധാകൃഷ്ണനും കാവാലം ശ്രീകുമാറും ചേർന്നാണ് ഈ ഗാനങ്ങൾ ഒരുക്കിയതും അവയ്ക്ക് ശബ്ദം നൽകിയതും. ഇടയ്ക്കയുടെ ശബ്ദം ക്ലാരിനെറ്റും ഡ്രംസ്സും ചേർന്ന സർക്കസിന്റെ പ്രചാരണ ശബ്ദമായി മാറുന്നത് ഓർമയിൽ എന്നും തങ്ങി നിൽക്കും. അതേ പശ്ചാത്തല ശബ്ദം ഉപയോഗിച്ച് ഈ ഫെസ്റ്റിവലിന് വേണ്ടി തയ്യാറാക്കിയ സിഗ്നേച്ചർ ഫിലിമിന്റെ മനോഹാരിതയും എടുത്തുപറയണം.

എസ്തപ്പാൻ എന്ന ചിത്രത്തിൽ മുഖ്യ കഥാപാത്രം കയ്യിൽ ഒരു കുന്തിരിക്ക പാത്രവുമായി നടത്തുന്ന സഞ്ചാരത്തിൽ പശ്ചാത്തലത്തിൽ കേൾക്കുന്നത് ഭക്തി ഭാവമുണർത്തുന്ന ഗ്രിഗോറിയൻ ചാന്റ്സ്. ഐസക് തോമസ് കൊട്ടുകാപ്പള്ളി ഈ സിനിമയ്ക്ക് സംഗീതം നിർവഹിച്ചവരുടെ കൂട്ടത്തിലുണ്ടായിരുന്നു . അരവിന്ദന്റെ സംഗീതബോധം കൂടുതൽ വ്യക്തമാക്കിയ ചിത്രങ്ങളാണ് തുടർന്ന് അദ്ദേഹം നിർമ്മിച്ച പോക്കുവെയിലും ചിദംബരവും. ●





K Pharma
Your Family Health Store
Your Prescription
Delivered Anytime,
Anywhere
Kuravankonam
Attingal
Pothencode
Manacaud
Vattiyoorkavu
Ayoor

# FILCA

FILM LOVERS CULTURAL ASSOCIATION

# MARCH 2025 FILM FESTIVAL

## Architecture and World Cinema

Filca Film Society

*in association with*

Joint Council -Nanma film society, Lottery Dept. , KSFDC, Kerala Chalachithra Academy, Senior Citizens Service Council, Yuvakala Sahithi, Beam Film Society, Human Rights Protection Mission, Priyadarshini Film Society, Janasamskara Thrissur , BSS , SANKALP - Women and Child Dev. Dept. and Architecture Organisations

**Seminar & Awards to winners of article writing on Architecture and Culture**

**23 Sunday March 2025**

**05 PM Seminar**

**The Architecture and Culture**

**Award Distribution to winners**


**10 AM**

THE GRAND BUDAPEST HOTEL
USA/ 2014/ 100 Mins
Dir. Wes Anderson




**11.50 AM**

THE FOUNTAINHEAD
USA / 1949 / 112 Mins
Dir. King Vidor




**03.00 PM**

EIFFEL
France / 2021 / 108 Mins
Dir. Martin Bourboulon




**06.15 PM**

THE BELLY OF AN ARCHITECT
UK - Italy / 1987 / 120 Mins
Dir. Peter Greenaway




at **JOINT COUNCIL HALL**
Near Press Club Trivandrum

**Free Entry, All are Welcomed**

( Admission to people who are above 18 years old)

FOCUS MEDIA


February Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
WORLD CINEMA AND WOMEN'S WORLD FILM FESTIVAL




# ആന്ദ്രേ താർകോവ്സ്കി

# സ്റ്റോക്കർ

## വിശ്വവിഖ്യാത ചലച്ചിത്ര ശിൽപത്തിന്റെ തിരക്കഥാ പുനരാവിഷ്കാരം മലയാളത്തിൽ !





ഓഡിറ്റോറിയത്തിൽ
സ്റ്റോക്കർ പുസ്തകം
(മുഖവില 200 രൂപ)
150 രൂപയ്ക്ക്
ലഭിക്കുന്നതാണ്.
GPay സൗകര്യം
ഉണ്ടായിരിക്കും

Vinod Kumar


Scan to pay with any UPI app

**Film Vision Monthly February 2025.Rs 2/-RNI-KER/BIL/2002/8043**

| Membership | | | Payment to: | Reg No. T-1665/1999 |
|---|---|---|---|---|
| Annual | : | 500/ | Name : FILCA<br>A/C 5700 118 1947<br>State Bank of India<br>Branch : Poojappura<br>IFSC SBIN 0070032 | www.filca.in<br>E-mail: filcakerala@gmail.com<br>Ph. 80890 36090 |
| Students | : | 150/ | | |
| Life (10 Years) | : | 3000/ | | |




വിശ്വ ചലച്ചിത്രകാരൻ ആന്ദ്രേ താർകോവ്സ്കിയുടെ
സ്റ്റോക്കർ എന്ന സിനിമയുടെ ദൃശ്യ
സാഹിത്യാവിഷ്കാരം. ഇന്ത്യൻ ഭാഷയിൽ, ആദ്യമായി മലയാളത്തിൽ.
വില: ~~₹ 200~~ ₹150




13th EDITION
സത്യജിത് റായ് യുടെ
പഥേർ പാഞ്ചാലി
തിരക്കഥ ആവിഷ്കാരം: സാബു ശങ്കർ

മലയാളത്തിൽ ഏറ്റവും കൂടുതൽ
പതിപ്പുകളുള്ള ചലച്ചിത്ര ഗ്രന്ഥം
മുഖവില ₹ 290. അംഗങ്ങൾക്ക് ₹ 200

Buy Online from www.peerbey.com
PeerBey.com Shop Online

CHIEF EDITOR : DR. B. RADHAKRISHNAN * CHIEF ASSOCIATE EDITOR: RAJAMBIKA S.S*.
ASSOCIATE EDITOR: DR. LALITHA GOURI *SUB EDITORS : JYOTHISHKUMAR.P.S. ,
GIRIJA SURENDRAN.* DESIGN: SHAJI CAD * CIRCULATION: VINODKUMAR. P. *
EDITOR AND PUBLISHER: DR. SABU SANKAR ,
GENERAL SECRETARY, FILCA FILM SOCIETY, PB 2224, TRIVANDRUM -695010.
Phone: 80890 36090. Email: filcakerala@gmail.com